# HYDEL BULLET


Issue - 3, Vol - 11, March 2023

A Monthly Publication of the Kerala State Elecrictiy Board Engineers' Association








**First**
Saint Gits College of Engineering
Kottayam

**Second**
College of Engineering
Punnapra

**Third**
AWH Engineering College
Kozhikkode

**KSEB Engineers' Association**
**Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.

**Ex. Officio Members**
Er Sunil K.
Er Geetha V.S.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 3 Vol - 11 March 2023

Editorial

## Tapping Pumped Storage Potential

India has set ambitious targets to increase the share of renewable energy in its power mix. To achieve these targets, pumped storage plants have emerged as an important alternative for integrating variable renewable energy sources into the grid. By storing excess energy as water potential during off-peak periods and releasing it during peak demand periods or when renewable energy generation is low, these pumped storage plants can help balance the grid, ensuring a stable and reliable electricity supply.

This is particularly important with the proliferation of solar power, which generates maximum energy during the daytime whereas system demand peaks in the evening. By storing excess solar energy as water potential during the daytime and releasing it during evening, pumped storage plants can help balance the grid and reduce the need for expensive peaking power plants. Moreover, pumped storage plants can provide ancillary services such as frequency regulation and voltage control, which help to stabilize the grid and improve its reliability. Revenue from these ancillary services can also be a significant source of income for pumped storage developers, in addition to the

revenue generated from selling stored energy to the grid.

The Western Ghats region of India offers significant potential for development of pumped storage plants, but any projects needs to be carefully planned and evaluated to ensure that they are developed in an environmentally responsible manner, with minimal impact on the local ecology and communities.

State energy utilities, such as KSEBL, needs to play a proactive role in identifying and developing suitable sites for pumped storage plants in their respective States. By taking timely decisions in the matter of developing sites before any other central utilities or private developers jump into the bandwagon, these State utilities can ensure that these projects are developed in a socially and environmentally responsible manner, and that the benefits accrue to the State and it's public. Moreover, State utilities can use pumped storage plants to meet their own power requirements and contribute to the overall energy security of the State.

In short, pumped storage plants offer a range of opportunities for utilities like KSEBL to contribute to India's renewable energy targets and address the challenges facing its power sector. By developing these plants in a responsible manner, with the involvement of State energy utilities and other stakeholders, India can maximize the benefits of pumped storage and move towards a more sustainable and resilient energy future. We expect the Government in power department and KSEBL top management will decide very fast to reap the benefits of pumped storage plants.

**Largest Pumped-Storage Hydropower Plants in the World**

1. Bath County Pumped Storage Station, Virginia, USA, 3,003 MW capacity, completed 1985.
2. Huizhou Pumped Storage Power Station, China, 4,448 MW capacity. completed 2011.
3. Guangdong Pumped Storage Power Station, China, 2,400 MW capacity, completed 2000.
4. Ludington Pumped Storage Plant, Michigan, USA, 1,872 MW capacity, 1973.
5. Tianhuangping Pumped Storage Power Station, China, 1,836 MW capacity, completed 2004.
6. Grand Maison Dam, France, 1,800 MW capacity, completed 1985.
7. La Muela Pumped Storage Power Station, Spain, 1,772 MW, completed 2013
8. Dinorwig Power Station, United Kingdom, 1,728 MW capacity, completed 1984.
9. Raccoon Mountain Pumped-Storage Plant, Tennessee, USA, 1,652 MW capacity, completed 1978.

## CONTENTS


**01** - *Page 6*
**ട്രസ്റ്റില്ലാത്ത മാസ്റ്റർ ട്രസ്റ്റ്** *(തീജ്വാല)*
*Er എൻ.ടി. ജോബ്*

**02** - *Page 10*
**The Science and Religion of Music**
*Dr. Thomaskutty Mathew*

**03** - *Page 13*
*കവിത*
**അകലെ**
*Er ഹനീഷ് എ.എസ്.*

**04** - *Page 14*
**മകൻ അത്ര മിടുക്കൻ ആകേണ്ടിയിരുന്നില്ല**
*Er ഡോ.സി. രാമചന്ദ്രൻ*

**05** - *Page 17*
*ഗാനമാധുരി – 07*
**ഹരിവരാസനം ദേവമോഹനം**
*Er പി.വി. പ്രമോദ്*

**06** - *Page 25*
*സുഭാഷിതം*
**സ്നേഹസാഹോദര്യം**
*Er കെ. ശശിധരൻ*

**07** - *Page 26*
*കവിത*
**സുഹൃദ്സംഗമം**
*Er മഹേഷ് ടി.*

**08**- *Page 27*
*നാടുനന്നാകാൻ – 15*
**അലംഭാവത്തിന്റെ അതിപ്രസരം**
*Er ഇ.എം. നസീർ*

**09**- *Page 29*
**Butterfly Effect**
*Er. Thomas Kolanjikombil*

**10** - *Page 31*
**ഒരിക്കലും മായാത്ത സിനിമ ശിൽപം - *TITANIC***
*Er പ്രസീദ് കൃഷ്ണൻ എം.*

**11** - *Page 32*
*കവിത*
**പാളം**
*Er കെ.എൻ. രാമദാസ്*

**12** - *Page 33*
**ഒരു അന്ത്യകൂദാശയും ഉയിർത്തെഴുന്നേൽപ്പും**
*Er കെ.പി. ഗോപാലകൃഷ്ണൻ*

**13** - *Page 35*
**Happiness in various stages of life (Part -2)**
*Er M. Anil*

**14** - *Page 37*
**Engery Briefs - 2**
*Er Subha T.G.*

**15** - *Page 40*
**Letters by Association**


## വായനക്കാരുടെ പ്രതികരണം

Er. സന്തോഷിന്റെ മരണവാർത്ത വല്ലാതെ ഞെട്ടിച്ചു. ഞാൻ പാലോട് സബ്സ്റ്റേഷൻ സ്റ്റേഷൻ എഞ്ചിനീയർ ആയിരിക്കുന്ന സമയത്തായിരുന്നു സന്തോഷ് അന്ന് ജോയിൻ ചെയ്തവരുടെ കൂട്ടത്തിൽ ജോയിൻ ചെയ്ത ഒരാൾ എന്ന് ഓർക്കുന്നു.

വളരെ സങ്കടം തോന്നുന്നു.

എവിടെവച്ച് കണ്ടാലും വളരെ സ്നേഹവും ബഹുമാനവും ആയിരുന്നു.

സന്തോഷിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു !

*Er രഘു തളികുഴി*






# ട്രസ്റ്റില്ലാത്ത മാസ്റ്റർ ട്രസ്റ്റ്

*Er* എൻ.ടി. ജോബ്
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

ഇത്തവണത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ധനവകുപ്പ് മന്ത്രി പ്രഖ്യാപിച്ച ഒരു കാര്യം വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്ന ഒന്നായിരുന്നു. അത് മറ്റൊന്നുമല്ല, നവംബർ മാസം മുതൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാർ ഏറ്റെടുക്കും എന്നുള്ളതായിരുന്നു. ഇതിലെന്തിരിക്കുന്നു എന്ന ചോദ്യം പലരിൽ നിന്നും ഉണ്ടാകാം. എന്നാൽ ചങ്കിടിപ്പ് വർദ്ധിച്ചിരിക്കുന്നത് പെൻഷൻ വാങ്ങുന്നവർക്കും വാങ്ങുവാൻ ബാക്കിയുള്ളവർക്കുമാണ്.

വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റുന്നതിനുവേണ്ടി ബോർഡിന്റെ ആസ്തികളെല്ലാം കമ്പനിയിലേക്കു കൈമാറുന്നതിനു വേണ്ടി ജീവനക്കാരുടെയും ആഫീസർമാരുടെയും എഞ്ചിനീയർമാരുടെയും സംഘടനകളുമായി ഒരു ത്രികക്ഷി കരാർ ഉണ്ടാക്കിയതനുസരിച്ച് പെൻഷൻ ബാദ്ധ്യതകളെല്ലാം വഹിക്കേണ്ടത് മാസ്റ്റർ ട്രസ്റ്റാണ്. കമ്പനിയാക്കുന്നതുവരെ വൈദ്യുതി ബോർഡിൽ ജോയിൻ ചെയ്തിട്ടുള്ള എല്ലാവരുടെയും പെൻഷൻ ബാദ്ധ്യതകളാണ് മാസ്റ്റർ ട്രസ്റ്റിലേക്കു കൈമാറിയിട്ടുള്ളത്. ഈ പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നത് എങ്ങിനെയെന്ന് ഈ കരാറിൽ കൃത്യമായി പറഞ്ഞുവെച്ചിട്ടുണ്ടായിരുന്നു. ആകെയുള്ള ബാദ്ധ്യതയുടെ 65.6 ശതമാനം കെ.എസ്.ഇ.ബി.യും 34.6 ശതമാനം സർക്കാരും വഹിക്കും എന്നാണ് കരാറിലെ വ്യവസ്ഥ. ട്രസ്റ്റിലേക്ക് ഫണ്ടു സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചിട്ടുണ്ട്.ഇതിനുവേണ്ടി രണ്ടുതരം ബോണ്ടുകൾ കെ.എസ്.ഇ.ബി. ട്രസ്റ്റിനു നൽകണമെന്നും അതിന്റെ പലിശയും തിരിച്ചടവും ബോർഡ് ട്രസ്റ്റിനു നൽകികൊണ്ടിരിക്കുമെന്നാണ് വിവക്ഷിച്ചിരിക്കുന്നത്; സർക്കാരിന്റെ വിഹിതം ബജറ്റിലൂടെ നൽകണമെന്നുമാണ് പറഞ്ഞുവെച്ചിരിക്കുന്നത്. രണ്ടായിരത്തി പതിനേഴിൽ ഇതിന്റെ ഭാഗമായി എണ്ണായിരത്തി ഒരുനൂറ്റി നാല്പത്തിനാലു കോടിരൂപയുടെ ഒരു ബോണ്ട് ഇരുപതു വർഷത്തേക്കുവേണ്ടി ട്രസ്റ്റിന് കെ.എസ്.ഇ.ബി. നൽകുകയുണ്ടായി. ഇതിന്റെ തിരിച്ചടവായി ഓരോ വർഷവും നാനൂറ്റി ഏഴുകോടി രൂപയും പലിശയിനത്തിൽ ഒന്നാം വർഷം എണ്ണൂറ്റി പതിനാലുകോടിരൂപയും ഇരുപതാം വർഷത്തിൽ നാല്പതുകോടി രൂപയും എന്ന കണക്കിൽ താരിഫ് പെറ്റീഷനിൽ കണക്കാക്കുകയും റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചു നൽകുന്നുമുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കു പ്രകാരം തിരിച്ചടവ് നാനൂറ്റി ഏഴുകോടി രൂപയും പലിശയിനത്തിൽ അറുന്നൂറ്റി പത്തു കോടി രൂപയുമാണ് വരവ് വെച്ചിരിക്കുന്നത്. ഇതുരണ്ടും കൂടി ആയിരത്തി പതിനേഴു കോടി രൂപ മാസ്റ്റർ ട്രസ്റ്റിലേക്കു താരിഫ് പെറ്റീഷനിലൂടെ ലഭിച്ചിട്ടുണ്ട്. എന്നാൽ പെൻഷന്റെ ബാധ്യത ആയിരത്തി ഇരുന്നൂറു കോടി രൂപയാണ് വരുന്നത്. സർക്കാരിന്റെ വിഹിതം ബഡ്ജറ്റിലൂടെ നൽകണമെന്ന് വ്യവസ്ഥയു

ണ്ടെങ്കിലും അങ്ങിനെ സംഭവിക്കാറില്ല. അതു കൊണ്ട് പെൻഷന്റെ സർക്കാർ വിഹിതം കണ്ടെത്തുന്നതിനായി ബോർഡ് പിരിച്ചെടുക്കുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി പത്തുവർഷത്തേക്ക് ബോർഡിനുതന്നെ എടുക്കാമെന്ന ഉത്തരവ് സർക്കാർ ഇറക്കിയിരുന്നു. ഇതിന്റെ ഭാഗമായാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ബോർഡിൽ തന്നെ ഉപയോഗിച്ചിരുന്നത്. എന്നാൽ ബഡ്ജറ്റിലൂടെ നവംബർ മുതൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാർ തന്നെ ഏറ്റെടുക്കുമെന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് പ്രകാരം ഏറ്റെടുത്താൽ ഒക്ടോബറിനുശേഷം പെൻഷൻ കൊടുക്കുവാൻ ട്രസ്റ്റിൽ നിന്നും സാധിക്കില്ലെന്ന വസ്തുതയാണ് മുന്നിൽ നിൽക്കുന്നത്. ഇത് പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

നിലവിലുള്ള ബോണ്ടിന്റെ കാലാവധി മുന്നോട്ടു നീങ്ങുമ്പോൾ പലിശയിനത്തിലുള്ള വരുമാനം കുറഞ്ഞുകൊണ്ടിരിക്കുകയും അധിക വരുമാനം ഇല്ലാതാവുകയും ചെയ്യുന്നതോടുകൂടി പെൻഷൻ മുടങ്ങുവാനുള്ള സാധ്യത കൂടിവരുകയും ചെയ്യും. നമുക്കു മുന്നിൽ കെ.എസ്.ആർ.റ്റി.സി. ഒരു പ്രതീകമായി നിൽക്കുമ്പോൾ തള്ളിക്കളയുവാനും സാധിക്കാത്ത അവസ്ഥയാണ്.

ഓരോ സാമ്പത്തിക വർഷവും പെൻഷൻ ബാദ്ധ്യതയെക്കുറിച്ച് ആക്ചൂറിയൻ കണക്കെടുപ്പു നടത്തണമെന്നും ഇതിലൂടെ കണക്കാക്കുന്ന അധിക ബാധ്യത കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബോർഡും സർക്കാരും വഹിക്കണം. കഴിഞ്ഞ മാർച്ചിൽ നടത്തിയ കണക്കെടുപ്പു പ്രകാരം പെൻഷൻ ബാധ്യതയുടെ ആക്ചൂറിയൻ കണക്കനുസരിച്ച് മുപ്പത്തി അയ്യായിരം കോടി രൂപയാണ്. ഈ ബാധ്യത നിറവേറ്റണമെങ്കിൽ ഇതുവരെയിറക്കിയ ബോണ്ടുപ്രകാരമുള്ള തുക കഴിച്ചുള്ള തുകയ്ക്കുള്ള ബോണ്ട് ഇറക്കണം. ഇതുവരെ ബോർഡ് ഇറക്കിയിരിക്കുന്നത് എണ്ണായിരത്തി ഒരുനൂറ്റി നാല്പത്തിനാലു കോടി രൂപയുടെ ബോണ്ട്, സർക്കാർ നൽകേണ്ട ബോണ്ട് മൂവ്വായിരത്തി എഴുന്നൂറ്റി അമ്പത്തിയൊന്നു കോടി രൂപയുടേതാണ്. എന്നാൽ അത് നൽകിയിട്ടില്ല. അതിനു പകരം ഇലക്ട്രിസിറ്റി ഡ്യൂട്ടി ബോർലേക്കു നൽകി. പുതിയ കണക്കു പ്രകാരമുള്ള പെൻഷൻ ബാദ്ധ്യത മുഴുവനായും വഹിക്കണമെങ്കിൽ ഇതുപത്തി മൂവ്വായിരം കോടി രൂപയുടെ ബോണ്ട് അധികമായി ട്രസ്റ്റിനു നൽകണം. ഇതിൽ പതിനേഴായിരം കോടി രൂപയുടെ ബോണ്ട് കെ.എസ്.ഇ.ബിയും ആറായിരം കോടി രൂപയുടെ ബോണ്ട് സർക്കാരുമാണ് നൽകേണ്ടത്. ബോർഡിനു ബോണ്ട് നൽകണമെങ്കിൽ; സർക്കാർ ഗ്യാരണ്ടിലഭിക്കണമെങ്കിൽ സർക്കാരിന്റെ അനുമതി ആവശ്യമാണ്. സർക്കാർ ബോണ്ട് നൽകണമെങ്കിൽ ബഡ്ജറ്റിലൂടെ വകയിരുത്തുകയും വേണം. സർക്കാരിന്റെ അനുമതിയ്ക്കായി ബോർഡ് സമീപിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. സർക്കാർ ബോണ്ടിനു പകരമായി ലഭിച്ചിരുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി ബോർഡിൽ നിന്നും പിൻവലിക്കുന്ന തീരുമാനവുമാണ് വന്നിരിക്കുന്നത്.ബോർഡിന്റെ റവന്യൂ വരുമാനത്തിൽ നിന്നും നിയമപരമല്ലാതെ പെൻഷൻ ബാധ്യത നിറവേറ്റുവാൻ സാധിക്കില്ലെന്ന് റഗുലേറ്ററി കമ്മിഷൻ കൃത്യമായ നിലപാടെടുക്കുന്ന നിമിഷം പെൻഷന്റെ കാര്യം അവതാളത്തിലാവുമെന്നുള്ളതാണ് സത്യം.

കമ്പനിയാക്കിയ സമയത്തുണ്ടാക്കിയ ധാരണ പ്രകാരം ഭാവിയിൽ പെൻഷന്റെ കാര്യം മുറപോലെ മുന്നോട്ടുപോകണമെങ്കിൽ സർക്കാരിന്റെയും ബോർഡിന്റെയും പിന്തുണയും വളരെയധികം വേണ്ടിയിരിക്കുന്നു. സർക്കാരിന് ബോർഡിന്റെമേലും ബോർഡിന് സർക്കാരിന്റെമേലും പഴിചാരി ന്യായികരണങ്ങൾ ഉണ്ടാക്കിയതു കൊണ്ടായില്ല. കൃത്യമായ

നടപടിക്രമങ്ങൾ പാലിച്ചെങ്കിൽ മാത്രമെ പെൻഷൻ നിലനിൽക്കൂ.

കമ്പനിയിലേക്കു ആസ്തികൾ കൈമാറുന്ന സമയത്തു ഒപ്പുവെച്ച തൃകക്ഷികരാറിൽ പന്ത്രണ്ടു സംഘടനകളുടെ പ്രതിനിധികളാണ് ഒപ്പുവെച്ചിട്ടുള്ളത്. ഈ സംഘടനകളെല്ലാം തന്നെ സർവ്വീസിലുള്ളവരുടെ സംഘടനകളായിരുന്നു. ഈ കരാർ ഏറ്റവും കൂടുതൽ ബാധിക്കുന്ന പെൻഷൻകാരെ പ്രതിനിധീകരിച്ച് സംഘടനകളുടെ പ്രതിനിധികളൊന്നും തന്നെ ഒപ്പുവെച്ചിട്ടില്ല. ഈ വിചിത്രമായ കാര്യം എന്തുകൊണ്ടാണ് നടന്നതെന്നറിയില്ല. ഈ കരാർ ലംഘിച്ചുവെന്ന് കാണിച്ച് കോടതിയിൽ പോകുവാൻ പെൻഷൻ സംഘടനകൾക്കു സാധ്യമല്ല. എന്തുകൊണ്ടെന്നാൽ അവർ കരാറിൽ ഭാഗഭാക്കല്ല. സർവ്വീസ് സംഘടനകളിലുള്ളവർ പെൻഷൻ ഇല്ലാത്തതുകൊണ്ട് പെൻഷൻ മുടങ്ങി എന്നു പറഞ്ഞ് കോടതിയിൽ പോകുവാൻ ബുദ്ധിമുട്ടുമാണ്. അപ്പോൾ ആകെയുള്ള വഴി കരാറിൽ ഒപ്പുവെച്ച സംഘടനകളെല്ലാം ബോർഡിലും സർക്കാരിലും സമ്മർദ്ദം ചെലുത്തി കരാറിലെ കാര്യങ്ങൾ നടപ്പിലാക്കണമെന്നുള്ളതാണ്.

ത്രികക്ഷി കരാർ പ്രകാരം കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ താഴെപ്പറയുന്ന തുകകൾ ട്രസ്റ്റിലേക്കു സർക്കാരിൽ നിന്നും നൽകേണ്ടതുണ്ടായിരുന്നു.

പത്തുവർഷത്തെ തുല്യഗഡുക്കളായി - 524കോടി
പത്തുവർഷത്തെ തുല്യഗഡുക്കളായി - 3186കോടി
2008 മുതൽ 2012 വരെയുള്ള ഡ്യൂട്ടി - 1000കോടി

എന്നാൽ ഈ തുകകളൊന്നും നൽകാത്തതുകൊണ്ട് 2012 നുശേഷം പത്തുവർഷത്തേക്കുകൂടി ഇലക്ട്രിസിറ്റി ഡ്യൂട്ടി ബോർഡിന് എടുക്കാമെന്ന ഉത്തരവ് സർക്കാർ നൽകി. ആയതുകൊണ്ട് ഈ വർഷം ഒക്ടോബർ വരെ കാര്യങ്ങൾ okയാണ്. എന്നാൽ അതിനു ശേഷമുള്ള കാര്യങ്ങളിലാണ് കൃത്യത വരാനുള്ളത്. ബോർഡ് നേരത്തെയിറക്കിയ ബോണ്ടിൽ തിരിച്ചടവ് കുറവ് ചെയ്താൽ ബാക്കിയുള്ളത് ആറായിരം കോടി രൂപയാണ്. ഇതിന്റെ പലിശയും തിരിച്ചടവുമാണ് നിലവിൽ മാസ്റ്റർ ട്രസ്റ്റിലേക്കു ലഭിക്കുന്നത്. ഇതിന്റെ കൂടെ ഡ്യൂട്ടിയിൽ ലഭിക്കുന്ന തുകയും ചേർത്താണ് പെൻഷൻ നൽകി കൊണ്ടിരിക്കുന്നത്. ഡ്യൂട്ടി ലഭിക്കാതെ വരുമ്പോൾ പകരം സംവിധാനത്തിലേക്കു നീങ്ങേണ്ടത് അനിവാര്യവുമാണ്.

**നിലവിലുള്ള ബോർഡിന്റെ**
**തിരിച്ചടവും പലിശയും**

| വർഷം | തിരിച്ചടവ് | പലിശ | ആകെ | (കോടി രൂപയിൽ) |
|---|---|---|---|---|
| 1 | 407.20 | 814.40 | 1221.60 | |
| 2 | 407.20 | 733.68 | 1180.88 | |
| 3 | 407.20 | 732.96 | 1140.16 | |
| 4 | 407.20 | 692.24 | 1099.44 | |
| 5 | 407.20 | 651.52 | 1058.72 | |
| 6 | 407.20 | 610.80 | 1018.00 | |
| 7 | 407.20 | 570.08 | 977.28 | |
| 8 | 407.20 | 529.36 | 935.56 | |
| 9 | 407.20 | 488.64 | 895.84 | |
| 10 | 407.20 | 447.92 | 855.12 | |
| 11 | 407.20 | 407.20 | 814.40 | |
| 12 | 407.20 | 366.48 | 773.68 | |
| 13 | 407.20 | 325.76 | 732.96 | |
| 14 | 407.20 | 285.04 | 692.24 | |
| 15 | 407.20 | 244.32 | 651.52 | |
| 16 | 407.20 | 203.60 | 610.80 | |
| 17 | 407.20 | 162.88 | 570.08 | |
| 18 | 407.20 | 122.16 | 529.36 | |
| 19 | 407.20 | 81.44 | 488.64 | |
| 20 | 407.20 | 40.72 | 447.92 | |
| | 8144 | | | |

ഇതു കമ്മീഷൻ അംഗീകരിച്ചകണക്കാണ്, രണ്ടായിരത്തി പതിനേഴിലാണ് ബോണ്ട് നൽകിയിരിക്കുന്നത്. ഇപ്പോൾ ആറുവർഷം പിന്നിട്ടുകഴിഞ്ഞു. മുന്നോട്ടുപോകുംതോറും ആകെ ലഭിക്കുന്ന തുക കുറഞ്ഞുകൊണ്ടിരിക്കുന്നത് പട്ടികയിൽ നിന്നും മനസ്സിലാക്കാം. നിലവിൽ നാല്പത്തിനാലായിരം പേരാണ് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നത്. സർവ്വീസിൽ ആകെയുള്ള മുപ്പത്തി മൂവ്വായിരം പേരിൽ ഒമ്പതിനായിരം പേർ പങ്കാളിത്തപെൻഷൻ പദ്ധതിയിൽപ്പെടുന്നവരാണ്. ബാക്കിയുള്ള ഇരുപത്തിനാലായിരം പേർക്കും പെൻഷനാവുന്ന മുറയിൽ പെൻഷൻ നൽകേണ്ടത് മാസ്റ്റർ ട്രസ്റ്റിൽ നിന്നാണ്. ഒരു വർഷം ആയിരം പേർ വീതം വിരമിക്കുന്നുണ്ടെങ്കിൽ ഓരോ വർഷവും അറുനൂറു കോടി രൂപയുടെ അധികമായുള്ള ചെലവുണ്ടാകും. ഇതിനനുസരിച്ചുള്ള വരുമാനം ട്രസ്റ്റിലേക്കുവന്നെങ്കിൽ മാത്രമെ പെൻഷൻ മുടങ്ങാതിരിക്കുകയുള്ളു. ഈ അധിക വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ബോർഡ് പുതിയ ബോണ്ട് ഇറക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിനെ സമീപിച്ചിരിക്കുന്നത്. അതിനനുപാതമായി സർക്കാർ നൽകേണ്ട ബോണ്ട് അല്ലെങ്കിൽ ഓരോ വർഷവും നൽകേണ്ട തുക കൃത്യമായി നൽകുകയും വേണം, അല്ലാത്തപക്ഷം ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇപ്പോഴത്തേതുപോലെ ബോർഡിന് എടുത്തുപയോഗിക്കുന്നതിനുള്ള അനുമതി നൽകണം.

ഇതുകൂടാതെ മറ്റൊരു രാഷ്ട്രീയ തീരുമാനത്തിലേക്ക് എല്ലാവരും ഉറ്റുനോക്കുകയാണ്. രാജ്യത്തെ പല സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ പിൻവലിച്ചുകഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തും അധികം താമസമില്ലാതെ പങ്കാളിത്തപെൻഷൻ പിൻവലിച്ചെന്നുവരാം. ആ സ്ഥിതിവരുമ്പോൾ ഇപ്പോൾ പങ്കാളിത്ത പെൻഷൻ സ്കീമിൽ ഉള്ളവരുടെ പെൻഷൻ ബാധ്യതയും മാസ്റ്റർ ട്രസ്റ്റിൽ നിന്നു തന്നെ നൽകേണ്ടിവരും. അതുംകൂടി കണക്കിലെടുക്കുകയാണെങ്കിൽ വളരെ വലിയ ഉത്തരവാദിത്തമാണ് മാസ്റ്റർ ട്രസ്റ്റിന് വരുന്നത്. ആ വിശ്വാസം നിലനിർത്തണമെങ്കിൽ ആവശ്യത്തിനുള്ള ഫണ്ട് യഥാസമയം ട്രസ്റ്റിലേക്ക് എത്തണം. അങ്ങിനെ എത്തിച്ചേരുമെന്നു തന്നെ നമുക്കു പ്രത്യാശിക്കാം.

## Letters to the Editor

### കത്തുകൾ അയക്കേണ്ട വിലാസം




The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# The Science and Religion of Music



***Dr. Thomaskutty Mathew*** Ph.D., D.Sc.
*Deputy Chief Engineer (Rtd*.)

Art films have not a single shot without background music and it is the best tool of Communication. A suitable bias of music is inspiring in many occasions, as scientifically proved. Other than the effect of music on human mind, it was found to cause rain and such other effects. *Nadhabrahmam*, is a way of salvation or self realization, as per Indian wisdom. The relevance of music, may sound odd in the field of modern Science. But the Indian *sasthra* think otherwise. This is explicitly seen in Samaveda

**1.The Samaveda .**

The Samaveda contains the world's earliest writings on musical scene. In India, Music, Painting and the drama are considered divine arts. Brahma, Vishnu and Shiva, the Eternal trinity were the first musicians. Shiva in his aspect of Nataraja, the Cosmic dancer, worked out infinite modes of rhythm in the process of universal creation, preservation and destruction, while Brahma and accentuated the time beat: Brahma changing the cymbals and Vishnu sounding the *manga* or holy drum.Saraswati, goddess of wisdom, is symbolized as performing on the *veena*, mother of all stringed instruments. Krishna, an incarnation of Vishnu, is shown in Hindu art with a flute; on it he plays the enrapturing song that recalls to their true home the human souls wandering in mayfly-delusion.

**2. The Ragas**

The foundation stones of Hindu music are ragas or fixed melodic scales. The six basic ragas branch out into 126 derivative Iain's (wives) and putras (sons). Each raga has a minimum of five notes: a leading note [*vadh*i or king), a secondary note [*samavadhi* or prime minister), helping notes (*anuvadhi*, attendants), and a dissonant note (*vivadhi*, the enemy).

Each of the six basic ragas has a natural correspondence with a certain hour of the day, season of the year, and a presiding deity who bestows a particular potency. Thus, (1) the Hindole Raga is heard only at dawn in the spring, to evoke the mood of universal love; (2) Deepaka Raga is played during the evening in summer, to arouse compassion; (3) Megha Raga is a melody for midday in the rainy season, to summon courage; (4) Bhairava Raga is played in the mornings of August, September, October, to achieve tranquillity; (5) Sri Raga is reserved for

autumn twilights, to attain pure love; (6) Malkounsa Raga is heard at midnights in winter, for valour.

**3. Sound alliance between nature and man**

Modern science has proved that Music has got considerable impact on the activities of all living things. Cows are observed to give more milk, and plants are behaving more positive with the application of music or music therapy. The effect of flute of Boy Sreekrishna at Vrinthavan, on the cows, birds , River Kalindi and other objects need not be poetic imagination alone

The ancient *rishis* discovered these laws of sound alliance between nature and man.Because nature is an objectification of Aum, the Primal Sound or Vibratory Word, man can obtain control over all natural manifestations through the use of certain mantras or chants.* Historical documents tell of the remarkable powers possessed by Miyan Tan Sen, sixteenth-century court musician for Akbar the Great. Commanded by the ***Emperor to sing a night raga while the sun was overhead, Tan Sen intoned a mantra that instantly caused the whole palace precincts to become enveloped in darkness.***

Folklore of all peoples contains references to incantations with power over Nature. The American Indians developed effective sound rituals for rain and wind. Tan Sen, the great Hindu musician, was able to quench fire by the power of his song.

Charles Kellogg, the California naturalist, gave a demonstration of the effect of tonal vibration on fire in 1926 before a group of New York firemen. "Passing a bow, like an enlarged violin bow, swiftly across an aluminum tuning fork, he produced a screech like intense radio static. Instantly the yellow gas flame, two feet high, leaping inside a hollow glass tube, subsided to a height of six inches and became a sputtering blue flare. Another attempt with the bow, and another screech of vibration, extinguished it."

**4. The Octave and thatas**

Indian music divides the octave into twenty-two srutis or demi-semitones. These microtonal intervals permit fine shades of musical expression unattainable by the Western chromatic scale of twelve semitones. Each of the seven basic notes of the octave is associated in Hindu mythology with a colour, and the natural cry of a bird or beast—***Do*** with green, and the peacock; ***Re*** with red, and the skylark; ***Mi*** with gold, and the goat; **Fa** with yellowish white, and the heron; ***Sol*** with black, and the nightingale; ***La*** with yellow, and the horse; ***S***i with a combination of all colours, and the elephant.

(In the Film- *His Highness Abdulla*, the lyrics of Kaithapram and with the music of Reveendran Master, presents a beautiful interpretation on the implication of ***Sa,Re,ga,Ma,pa,dha,ni*** *in the song*, ***"deva sabha thalam ragilamakkuvan nadamayookhame swagatham")***

Indian music outlines seventy-two thatas or scales. A musician has creative scope for endless improvisation around the fixed traditional melody or raga; he concentrates on the sentiment or definitive mood of the structural theme and embroiders it to the limits of his own originality. The Hindu musician does not read set notes; at each playing he clothes anew the bare skeleton of the raga, often confining himself to a single melodic sequence, stressing by repetition all its subtle microtonal and rhythmic variations.

Bach, among Western composers, understood the charm and power of repetitious sound slightly differentiated in a hundred complex ways.

Sanskrit literature describes 120 talas or time measures. The traditional founder of Hindu music, Bharata, is said to have isolated thirty-two kinds of tola in the song of a lark. The origin of tola or rhythm is rooted in human movements — the double time of walking, and the triple time of respiration in sleep, when inhalation is twice the length of exhalation.

India has long recognized the human voice as the most perfect instrument of sound. Hindu music therefore largely confines itself to the voice range of three octaves. For the same reason, melody (relation of successive notes) is stressed, rather than harmony (relation of simultaneous notes).

**5. The Religion of Music**

Hindu music is a subjective, spiritual, and individualistic art, aiming not at symphonic brilliance but at personal harmony with the Over-Soul. All the celebrated songs of India have been composed by devotees of the Divine. The Sanskrit word for "musician" is bhagavathar, "he who sings the praises of God."

The *sankirtans* or musical gatherings are an effective form of yoga or spiritual discipline, necessitating intense concentration, absorption in the seed thought and sound. Because man himself is an expression of the Creative Word, sound exercises on him a potent and immediate effect. Great religious music of East and West bestows joy on man because it causes a temporary vibratory awakening of one of his oc-cult spinal centres.*[1]

**Conclusion**.

The power of music is great. More than the sound energy it handles, there is much positive impact in the mental and spiritual dimensions.

***(Footnotes)***

1 Awakening of the occult cerebrospinal centres (chakras, astral lotuses) is the sacred goal of the yogi. The system of Reikie ( life force energy) is founded on this chakra theory. There are 7 Chakras or energy centres, taken to be distributed along the brain and spinal chord.

All chakras except (1st and 7 th- ) Ajna and Mooladhara open to the front side and backside of the body.

The book of Revelation in Bible contains the symbolic exposition of a yogic

കവിത

# അകലെ...



*Er ഹനീഷ് എ.എസ്.*
*അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ*

**അ**കലെയൊരു കിളിനാദം നിലയ്ക്കുന്നു ,
രുധിരനിറമാർന്ന സന്ധ്യ മാഞ്ഞീടുന്നു.
ഇരുളു പാകിയ വഴിയിലേകാന്തമായ്,
മഞ്ഞിൻ കുളിർ ചൂടി ഞാൻ നടന്നീടുന്നു.

താരകളെല്ലാം മറഞ്ഞൊരീ രാത്രിയിൽ,
ഇനിയുമെത്രയോ ദൂരം ചരിക്കുവാൻ !
അറിവീല ! പിന്നിട്ടതെത്രയോ കാതങ്ങൾ ?
മുൻപിൽ നടക്കുവാനെത്രയോ ദൂരങ്ങൾ ?

വിധുരമായൊരു നഷ്ടപ്രണയത്തിൽ,
മധുരമാമൊരു നൊമ്പരം പേറി ഞാൻ ,
എത്രയോ നാൾകളായി യാത്ര തുടരുന്നു
അകലെ ദൂരങ്ങൾ മാടി വിളിക്കുന്നു.

സഖി! ഞാനറിഞ്ഞതീലെന്തകത്തിൽ നീ ,
പുലർകാല സൂനമായ് പ്രഭയാർന്നു നിന്നപ്പോൾ,
മമ മാനസത്തിലന്നങ്കുരിച്ചൊരു ,
മൃദുല വികാരമനുരാഗമാണെന്ന് .

അകലെ നീ മാഞ്ഞു പോയ്, കാഴ്ചക്കുമപ്പുറം
എൻ വിളിപ്പാടിന്റെ കേൾവിക്കുമപ്പുറം !
വ്യഥിതനായ് ഞാനന്നറിഞ്ഞു പ്രിയസഖീ ,
എന്നുള്ളിലുള്ളൊരാ നീറ്റും കനലിനെ.

ഉൾക്കാമ്പിലഗ്നിയെരിഞ്ഞിടും നേരവും,
ഋതുമാറിയണിയുന്ന ഭൂമിയാണിന്നു ഞാൻ.
ഉള്ളിൽ പ്രണയം തപിച്ചു നിൽക്കുമ്പൊഴും,
വാസന്ത പുഷ്പങ്ങളെന്നിൽ വിടരുന്നു.

ഏതകലങ്ങളിൽ പോയ് നീ മറഞ്ഞാലും,
അവസാനമെന്നരികിൽ നീയണഞ്ഞിടും !
നിശ്ചയമാണെനിക്കെൻ പ്രിയ സ്വപ്നമേ ,
ആ നിമിഷത്തിനായ് യാത്ര തുടരട്ടേ!

---

science, as interpreted by Paramahamsa Yogananda. John mentions (Revelation 1:20, Bible) the “mystery of the seven stars” and the “seven churches”; these symbols refer to the seven lotuses of light, described in yoga treatises as the seven “trap doors” in the cerebrospinal axis. Through these divinely planned “exits,” the yogi, by scientific meditation, escapes from the bodily prison and resumes his true identity as Spirit.

The seventh centre, the “thousand-petaled lotus” in the brain, is the throne of the Infinite Consciousness. In the state of divine illumination the yogi is said to perceive Brahma or God the Creator as Padmaja, “the One born of the lotus.”

*The “lotus posture” is so called because in that traditional pose the yogi views the varicoloured lotuses [padmas] of the cerebrospinal centres. Each lotus possesses a characteristic number of petals or rays composed of prana (life force). The padmas are also known as chakras or wheels.*

# മകൻ അത്ര മിടുക്കൻ ആകേണ്ടിയിരുന്നില്ല



**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

രാജുസാറും മേനകടീച്ചറും മകനെക്കുറിച്ച് എന്നും അഭിമാനിച്ചിരുന്നു; തീരെ ചെറുപ്പം മുതൽ തന്നെ. അങ്ങിനെ തോന്നാതിരിയ്ക്കേണ്ടതായി ഒരനുഭവവും അവനെ സംബന്ധിച്ച് ഒരിയ്ക്കലും ഉണ്ടായിട്ടില്ല.

സാറും ടീച്ചറും ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർ. മാതൃകാദമ്പതികൾ. ആരും നല്ലതേ പറയൂ. അവരുടെ ഏകപുത്രൻ വൈശാഖ്. അവനോട് എൽ.കെ.ജി.മുതൽ പോലും പഠനകാര്യങ്ങളിൽ ഒന്നും പറയേണ്ടി വന്നിട്ടില്ല. എല്ലാം സ്വയം തന്നെ വേണ്ട വിധം ചെയ്തു കൊള്ളും. വളരെ ചിട്ടയായ സമീപനമാണ് ഏതു കാര്യത്തിലും.

മാസത്തിൽ ഒരു ദിവസം സ്കൂളിൽ ഓപ്പൺഹൗസ് ഉണ്ട്. അതുവരാൻ മേനക ടീച്ചർ കാത്തിരിപ്പാണ്.

-നിങ്ങൾ മുജ്ജന്മ ഭാഗ്യമുള്ള അച്ഛനമ്മമാരാണ്. ഇതുപോലൊരു മകനെ കിട്ടിയല്ലോ.

ഓപ്പൺ ഹൗസിനു വരുന്ന പല രക്ഷിതാക്കളും മക്കളെക്കുറിച്ചുള്ള പരാതികൾ കേട്ടു തരിച്ചു നിൽക്കുമ്പോഴാണ് പല കുട്ടികളോടും നീ ആ വൈശാഖിനെ കണ്ടു പഠിക്കൂ എന്ന് അധ്യാപകർ പറയുന്നത്.

ആദ്യമൊന്നും രണ്ടാമതൊരു കുട്ടികൂടി വേണമെന്ന് രാജുസാറും മേനകടീച്ചറും ആലോചിച്ചിട്ടുകൂടെയില്ല. മകനോട് അത്രമാത്രം സ്നേഹമായിരുന്നു. അവനു മാത്രം കിട്ടേണ്ട പരിഗണന ആർക്കും പകുത്തുനൽകാൻ അവർ രണ്ടുപേരും ആഗ്രഹിച്ചില്ല.

മകൻ വളർന്ന് പത്താം ക്ലാസ് ആയപ്പോഴാണ് ഒരാളുകൂടെ ഉണ്ടായാലോ എന്ന ആശയം മനസ്സിൽ ഉദിച്ചതുതന്നെ. അതും അവന് അധികാരം ഉപയോഗിച്ച് ഒന്നു നിയന്ത്രിച്ചു നിറുത്താനും കൂട്ടിനു വേണ്ടിയും എന്ന ധാരണയിൽ.

ചെറിയ ശ്രമങ്ങൾ നടത്തി നോക്കിയെങ്കിലും അവയെല്ലാം യാന്ത്രികമായി മാറി. ആർജവം കുറഞ്ഞു. അതിനാലാകണം ഫലപ്രദമായില്ല. അങ്ങനെ ആ ശ്രമം ഉപേക്ഷിയ്ക്കുകയും ചെയ്തു.

മകൻ മിടുമിടുക്കനായി എൻജിനീയറിംഗ് ലിസ്റ്റിൽ ഉയർന്ന സ്ഥാനത്തു തന്നെ വന്നു. ഇന്ത്യയിലെ ഏറ്റവും മുന്തിയ ഇൻസ്ററിറ്റ്യൂട്ടിൽ തന്നെ പഠനം.

ഫൈനൽ ഇയർ തുടങ്ങിയപ്പോൾ തന്നെ ഒരു മൾട്ടിനാഷണൻ കമ്പനി അവനെ റാഞ്ചി എടുത്തു. ആ വർഷത്തെ കാമ്പസ് സെലക്ഷനിൽ ഏറ്റവും മുന്തിയ ഓഫർ.

ഫൈനൽ പരീക്ഷ എഴുതിക്കഴിഞ്ഞ ഉടനെ തന്നെ അവൻ ന്യൂയോർക്കിലേക്കു പറക്കുകയും ചെയ്തു.

മകന്റെ വിശേഷങ്ങളും ഉയരങ്ങളിലേക്കുള്ള വളർച്ചയുമെല്ലാം സാറും ടീച്ചറും മൊബൈലിൽ കൂടി കണ്ടു സന്തോഷിച്ചു.

ബാങ്കിൽ പണം കൃത്യമായി വന്നുകൊണ്ടുമിരുന്നു.

മോൻ എന്നത്തേക്കിങ്ങോട്ടു വരും എന്ന ടീച്ചറുടെ ചോദ്യത്തിന്; അമ്മ എന്താ വിചാരിച്ചത്, ഞാൻ ഇവിടെ ഇല്ലെങ്കിൽ ആകെ മുടങ്ങും. അത്ര ഒരു നിർണ്ണായക തസ്തികയിലല്ലേ ഞാൻ.

ടീച്ചറും സാറും നെടുവീർപ്പിട്ടു. അവനെ ഫോണിൽക്കൂടി കാണാമല്ലോ.

രാജു സാറിന്റെ തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന ഒരു ഡ്രൈവറാണ് രാഘവൻ. അയാളുടെ മൂത്ത മകന്റെ പേര് കോമളൻ. പേരു പോലെ അത്ര കോമളമൊന്നുമായിരുന്നില്ല അവന്റെ ശീലങ്ങൾ. വൈശാഖും കോമളനും ഒരേ ക്ളാസ്സിൽ രണ്ടു ഡിവിഷനുകളിൽ ആയിരുന്നു, ചെറിയ ക്ളാസ്സുകളിൽ.

ഓപ്പൺ ഹൗസിനു ചെല്ലുമ്പോൾ കോമളനെക്കുറിച്ചുള്ള പരാതികളുടെ പ്രളയം രാജുസാറിന്റെ ചെവിയിലും എത്താറുണ്ടായിരുന്നു. രാഘവൻ അതെല്ലാം ഒരു ചെവിയിൽ കൂടി കേട്ടു മറു ചെവിയിൽക്കൂടി പുറത്തു വിടുകയായിരുന്നു പതിവ്. രാജു സാർ ചിലപ്പോഴെല്ലാം രാഘവനെയും കോമളനെയും ഉപദേശിക്കാറുണ്ടായിരുന്നു. ശീലങ്ങളെക്കുറിച്ച് കോമളനെയും, മകനെ വളർത്തേണ്ട രീതിയെക്കുറിച്ച് രാഘവനെയും.

അധ്യാപകരെല്ലാം -നിനക്കെന്താ, ആ വൈശാഖിനെ കണ്ടു പഠിച്ചുകൂടേ കോമളാ, എന്നെല്ലാം നിരന്തരം പറഞ്ഞു കൊണ്ടിരുന്നെങ്കിലും കോമളൻ തന്റെ രീതികളിൽ തന്നെ ഉറച്ചു നിന്നു.

കോമളന് നല്ല തടിയും മിടുക്കുമുണ്ടായിരുന്നു. അല്പസ്വല്പം അടിതടകളെല്ലാം സ്വാഭാവികമായും സ്വായത്തമായിരുന്നു.

അവൻ പത്താം ക്ളാസ്സ് കഴിഞ്ഞ് ഇഴഞ്ഞിഴഞ്ഞ് പന്ത്രണ്ടും തട്ടിനീക്കി. രാഘവനോ പാറുക്കുട്ടിക്കോ യാതൊരു ടെൻഷനും തോന്നിയിട്ടുമില്ല.

എന്തോ ആദ്യത്തെ പരീക്ഷയിൽ തന്നെ അവൻ പോലീസ് ടെസ്റ്റിൽ ജയിച്ചു. പാർട്ടി ജാഥകളിലൊക്കെ വേണ്ടപ്പോൾ സഹകരിയ്ക്കുന്ന ആളായതിനാൽ ഉത്തേജനവും ഇന്റർവ്യൂവിനു കിട്ടി. പോലീസിൽ സെലക്ഷനും ആയി. അങ്ങനെ അവൻ സിവിൽ പോലീസ് ആഫീസറായി. ഇടയ്ക്കിടയ്ക്ക് രാഘവന്റെ വീട്ടുമുറ്റത്ത് ഗമയിൽ പോലീസ് ജീപ്പ് വരുന്നതും പോകുന്നതും രാജുസാറും ടീച്ചറും കാണാറുമുണ്ട്.

അങ്ങനെ പോകവേ ഒരു ദിവസം വൈശാഖ് അമ്മയെ ഫോണിൽ വിളിച്ചു പറയുന്നു, അമേരിക്കൻ സമയവും ഇന്ത്യൻ സമയവും ആവശ്യാനുസരണം സിൻക്രണൈസ് ചെയ്ത ഒരു വേളയിൽ.

--അമ്മേ, ഒരു ചെറിയ കാര്യം

—എന്താ മോനേ

—എന്റെ കൂടെ അടുത്ത സീറ്റിൽ ജോലി ചെയ്യുന്ന കുട്ടിയെ എനിയ്ക്കിഷ്ടമായി, അവൾക്കെന്നെയും.

ടീച്ചർ ഉടൻതന്നെ സാറിനെ വിളിച്ചു, ഫോണിന്റെ ലൗഡ് സ്പീക്കർ ഓണാക്കി കേൾപ്പിച്ചു.

-അവൾ എവിടത്തുകാരിയാ മോനേ, നമ്മുടെ അടുത്തെവിടെയെങ്കിലുമാണോ.

-അത്ര അകലത്തിലൊന്നുമല്ലമ്മേ. വെറും രണ്ടു മണിക്കൂർ ഫ്ളൈ ചെയ്യാനുള്ള ദൂരമേയുള്ളു; ഹൈദ്രാബാദാണ്.

ടീച്ചർ സ്റ്റെയർ കെയ്സിന്റെ അഴിയിൽ വീഴാതെ പിടിച്ചു. സാർ താങ്ങുകയും ചെയ്തു.

ജാതിയൊക്കെയോ..

സാർ ടീച്ചറുടെ കൈയിൽ നിന്നു വഴുതി വീണ ഫോണിൽക്കൂടി ചോദിച്ചു.

—നമ്മെക്കാൾ കൂടിയ ജാതിയാണച്ഛാ. ബ്രാഹ്മണരാ. മലയാളം അറിയില്ലെന്നേ ഉള്ളൂ.

-ഞങ്ങൾ ഇപ്പോൾത്തന്നെ ഒരുമിച്ചാണച്ഛാ കഴിയുന്നത്. ഇനി ലീഗൽ മാറ്റേഴ്സ് ശരിയാക്കിയാൽ മതി.

സാറിന് പിന്നെ ഒന്നും പറയാൻ ശക്തി ഉണ്ടായില്ല.

ദിവസങ്ങൾ അല്ല, മാസങ്ങൾ കഴിഞ്ഞു. രാഘവന്റെ വീട്ടിൽ കല്യാണ ഒരുക്കങ്ങളായി. സ്വാഭാവികമായി സാറും ടീച്ചറും പങ്കെടുത്തു, എല്ലാ സഹകരണങ്ങളും നൽകി. കോമളൻ ഒരു കോമളവല്ലിയെ നാട്ടുനടപ്പനുസരിച്ച് വിവാഹം കഴിച്ചു. ബൂട്ടിന്റെ, ജീപ്പിന്റെ, യൂണിഫോമുകളുടെ ഒക്കെ അനുരണനങ്ങൾ. ബന്ധുക്കളുടെചിരി, ഉറക്കെയുള്ള സംസാരം, ആകെ ബഹളം, ആനന്ദമയം.

സാറും ടീച്ചറും അധികം പുറത്തിറങ്ങാതായി. അത്യാവശ്യത്തിനു മാത്രം മുൻപിൻ നോക്കാതെ പോകും, വരും. ജീവൻ നില നിർത്താനുള്ളതു മാത്രം തരപ്പെടുത്തും.

മകന്റെ മെസേജുകൾ, ഫോൺകോളുകൾ എല്ലാം സാറിനും ടീച്ചർക്കും മുറയ്ക്കു വന്നു കൊണ്ടിരുന്നു. മുത്തച്ഛനും മുത്തശ്ശിയും ആയ വിവരവും അറിഞ്ഞു. കുട്ടിയ്ക്കു ചോറു കൊടുത്ത വിവരവും അിറഞ്ഞു. വിദൂരതയിൽ ഇവയെല്ലാം സാങ്കൽപ്പികമായി കണ്ട്, ആസ്വദിച്ച് കണ്ണു നിറച്ച് സാറും ടീച്ചറും കഴിഞ്ഞു.

ഒരു ദിവസം രാവിലെ ഒരു കൊച്ചു കുട്ടിയുടെ കൈയും പിടിച്ച് രാഘവൻ റോഡ് സൈഡിൽ നില്ക്കുന്നത് കണ്ട് സാർ അതിശയിച്ചു, അന്തംവിട്ടു എന്നു തന്നെ പറയാം. അതെന്താ അപ്പൂപ്പാ, ഇതെന്താ അപ്പൂപ്പാ എന്നെല്ലാം കുഞ്ഞ് രാഘവന്റെ കൈപിടിച്ചു കൊണ്ട് ചോദിക്കുന്നു. ഒരു സ്കൂൾ ബസ് വന്നു നിന്നു, കുസൃതിക്കുഞ്ഞിനെ അയാൾ ബസിൽ കയറ്റി വിട്ടു. സാർ സർവതും മറന്ന് രാഘവനടുത്തേക്ക് ഓടിച്ചെന്നു. ഒരിക്കലുമില്ലാത്ത പോലെ പൂണ്ടടക്കം കെട്ടിപ്പിടിച്ചു.

-രാഘവാ, ഞാൻ നിന്നെയും നിന്റെ മോനെയും ഒക്കെ ഉപദേശിച്ചത് തെറ്റിപ്പോയി. നിങ്ങളാ ശരി. കണ്ണിൽ നിന്നും രണ്ടിറ്റു കണ്ണുനീർ ഉരുണ്ടിറങ്ങി.

**എന്റെ മോൻ അത്ര മിടുക്കൻ ആകേണ്ടിയിരുന്നില്ല.**

ഇത് ഒറ്റപ്പെട്ട സംഭവമല്ല. പല നാട്ടിൻ പുറങ്ങളിലും സംഭവിക്കുന്നതാണ്. മക്കൾ വലിയവരാകണമെന്ന അമിതാഗ്രഹത്താൽ നാം ചെറുതെന്നു തോന്നുന്ന പല കാര്യങ്ങളും മറക്കും. ബാല്യത്തിൽ നമ്മുടെ മനസ്സിൽ ആഴത്തിൽ പതിയുന്ന മധുരസ്മരണകളാണ് എത്ര വലുതായാലും എത്രകാലം കഴിഞ്ഞാലും നമ്മെ ഗതകാലത്തിലേക്ക് അടുപ്പിക്കുന്നത്. ആ അടുപ്പം സുദൃഢമാണെങ്കിൽ മക്കൾ നമ്മെ അന്വേഷിച്ചു കൊണ്ടിരിയ്ക്കും, സാധാരണയായി, കുരുന്നുകളും.

അല്ലെങ്കിൽ ജീവിതസായാഹ്നം എത്ര വിരസവും അർത്ഥരഹിതവും ആകാം. നാം ഈ പൂമുഖത്ത് ജീവിച്ചിരുന്നു എന്നതിന് എന്താണ് തെളിവ്.

## ഗാനമാധുരി - 07

# ഹരിവരാസനം ദേവമോഹനം



*Er പി.വി. പ്രമോദ്*
അസി. എക്സി. എഞ്ചിനീയർ



ശബരിമല ക്ഷേത്രത്തിൽ അത്താഴപൂജയ്ക്കു ശേഷം ഏകദേശം രാത്രി 11 മണിയോടടുത്ത് നടയടക്കുന്നതിന് മുന്നോടിയായി അയ്യപ്പന്റെ ഉറക്കുപാട്ട് (Lullaby) എന്ന നിലയിൽ ആലപിക്കുന്ന ഭക്തി കീർത്തനമാണ് 'ഹരിവരാസനം'. കാനനക്ഷേത്രമായ ശബരിമലയുടെ സന്നിധിയിൽ എത്തുന്ന തീർഥാടകന് അവാച്യമായ ആനന്ദാനുഭൂതിയാണ് ഹരിവരാസനം കേൾക്കുമ്പോൾ ലഭിക്കുന്നത്. അത്താഴപൂജ കഴിഞ്ഞ് ശ്രീകോവിലിനുള്ളിൽ മേൽശാന്തിയും അനുചരശാന്തിമാരും വിളക്കുതിരികൾ ഒന്നൊന്നായി അണച്ച് അയ്യപ്പവിഗ്രഹത്തെ യഥാവിധി ഒരുക്കി ഹരിവരാസനം പാടിത്തുടങ്ങുന്നു.

***ഹരിവരാസനം സ്വാമി വിശ്വമോഹനം***
***ഹരിദധീശ്വരം സ്വാമി ആരാധ്യപാദുകം***
***അരിവിമർദ്ദനം സ്വാമി നിത്യ നർത്തനം***
***ഹരിഹരാത്മജം സ്വാമി ദേവമാശ്രയേ***

കീർത്തനാലാപനം പുരോഗമിക്കവെ വിളക്കുകൾ ഓരോന്നായി അണച്ച് കീഴ്ശാന്തിമാർ ഓരോരുത്തരായി ശബ്ദമുണ്ടാക്കാതെ പിന്നോട്ട് നടന്ന് ശ്രീകോവിലിനുള്ളിൽ നിന്ന് പുറത്തേക്കു വരുന്നു. ആലാപനം അവസാനിക്കുന്നതോടെ മേൽശാന്തി അവസാനത്തെ തിരിയണച്ച് സോപാനപ്പടിയിറങ്ങി നടയടയ്ക്കുന്നു. അപ്പോഴേക്കും അയ്യപ്പൻ ഉറങ്ങിയിരിക്കും എന്നാണ് വിശ്വാസം.

ശ്രീകോവിലിനുള്ളിൽശാന്തിമാരുടെ ആലാപനം പുരോഗമിക്കുമ്പോൾ ക്ഷേത്രത്തിന് പുറത്ത് ഗാനഗന്ധർവൻ യേശുദാസിന്റെ



ശാന്ത ഗംഭീര സ്വരത്തിൽ ദേവരാജ സംഗീതത്തിലുള്ള ഹരിവരാസനം ഉച്ചഭാഷിണിയിലൂടെ ഒഴുകിപ്പരക്കുന്നു. ഇരുളിലമർന്ന കാനനത്തിന്റെ ആത്മാവിൽ നിന്നെന്ന പോലെയാണ് ഗന്ധർവനാദത്തിൽ ഗാനം അലയടിക്കുന്നത്.

***ഹരിവരാസനം വിശ്വമോഹനം***
***ഹരിദധീശ്വരം ആരാധ്യപാദുകം***
***അരിവിമർദ്ദനം നിത്യ നർത്തനം***
***ഹരിഹരാത്മജം ദേവമാശ്രയേ***

ക്ഷേത്രസന്നിധിയിൽ ഭക്തിപുരസ്സരം നിൽക്കുന്ന വിവിധ ദേശക്കാരായ തീർഥാടകർ വികാര സാന്ദ്രതയും ഭാവശുദ്ധിയും ഒത്തുചേർന്ന ഈ ഉറക്കുപാട്ടിൽ ലയിച്ചു നിൽക്കുന്നു. ഭക്തനെ സംബന്ധിച്ചിടത്തോളം ഈയൊരുവേള ദേവനും സാധകനും പ്രകൃതിയും ഒന്നിച്ചുചേരുന്ന ആത്മീയാനുഭൂതിയുടെ നിമിഷങ്ങളാണ്. ഹരിവരാസനത്തിനു ശേഷം

നടയടച്ചു കഴിഞ്ഞാൽ പിന്നെ അയ്യപ്പൻ ഉറക്കത്തിലാണെന്ന വിശ്വാസത്തിൽ സന്നിധാനത്ത് പിന്നെ ഉച്ചഭാഷിണിയുടെ ശബ്ദം കേൾക്കില്ല. ശബരിമലയിൽ ദശകങ്ങളായി തുടരുന്ന പതിവാണിത്.

ശ്രീകോവിലിനുള്ളിൽ കീർത്തനം ചൊല്ലി രണ്ടു വരികൾ കഴിയുമ്പോഴാണ് റെക്കോഡ് ചെയ്യപ്പെട്ട യേശുദാസിന്റെ ആലാപനം പുറത്തു കേൾപ്പിച്ചു തുടങ്ങുന്നത്. ശാന്തിമാർ പാടുന്നതിൽ ഹരിവരാസനത്തിന്റെ മൂലകൃതിയിലുള്ളതുപോലെ എല്ലാ വരികളിലും 'സ്വാമി' എന്ന വാക്ക് ഉണ്ട്. ഇതു യേശുദാസിന്റെ ആലാപനത്തിലില്ല. കീർത്തനം അകത്തും പുറത്തും ഒരേ സമയം അവസാനിപ്പിക്കേണ്ടതിനാലാണ് റെക്കോഡ് ചെയ്തത് കേൾപ്പിച്ചു തുടങ്ങുന്നത് അൽപം വൈകിയാകുന്നത്.

**ആലാപന ചരിത്രം**

ശബരിമലയിൽ നടയടയ്ക്കുന്ന സമയം ശാന്തിമാർ ഹരിവരാസനം ആലപിച്ചു തുടങ്ങിയതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. അതറിയാൻ കുറെ ദശകങ്ങൾ പിറകിലോട്ടു പോകണം. എന്നാൽ ആലപിച്ചു തുടങ്ങിയ കൃത്യമായ വർഷത്തെയും തീയതിയെപ്പറ്റിയും ആധികാരിക രേഖകളില്ല എന്നതാണ് യാഥാർഥ്യം.

ഹരിവരാസനം പാടിത്തുടങ്ങിയത് 1950 നും 1955 നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണെന്ന് അനുമാനിക്കപ്പെടുന്നു. ആ ഘട്ടത്തിൽ ദേവസ്വം ബോർഡ് ശബരിമല ഏറ്റെടുത്തിരുന്നില്ല. 1940കളിൽ ശബരിമല ക്ഷേത്രത്തിന് ചുറ്റും ഘോരവനമായിരുന്നു. കാനനക്ഷേത്രമായ ശബരിമലയിലേക്ക് ഭക്തർ അധികമൊന്നും അക്കാലത്ത് എത്തിയിരുന്നില്ല. വന്യമൃഗങ്ങൾ ശബരിമലയിൽ ക്ഷേത്രത്തിനു സമീപം പോലും വിഹരിച്ചിരുന്ന കാലത്ത് കഠിനവ്രതമെടുത്ത് ചില ഭക്തർ എത്തിയിരുന്നു. ആലപ്പുഴ കളർകോട് സ്വദേശിയായിരുന്ന വി.ആർ. ഗോപാലമേനോൻ ആയിരുന്നു ഇതിൽ ഒരാൾ. ഇദ്ദേഹം പലപ്പോഴും സന്നിധാനത്ത് താമസിക്കുകയും ചെയ്തിരുന്നു. 1948 ൽ മറ്റൊരു ഭക്തൻ കൂടി സന്നിധാനത്ത് സ്ഥിരതാമസത്തിനായി എത്തിച്ചേർന്നു. തിരുവിതാംകൂർ സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥനായിരുന്ന നെയ്യാറ്റിൻകര സ്വദേശി ഗോവിന്ദൻ നായർ ആയിരുന്നു ഈ രണ്ടാമൻ. കടുത്ത അയ്യപ്പഭക്തിയുടെ പ്രേരണയാൽ ജോലി രാജിവച്ചായിരുന്നു ഇദ്ദേഹം ശബരിമലയിൽ എത്തിയത്. അന്നത്തെ മേൽശാന്തിയായിരുന്ന അംബ്ലി കൃഷ്ണൻ നമ്പൂതിരിയിൽ നിന്നും കാഷായ വസ്ത്രം സ്വീകരിച്ച് ഗോവിന്ദൻ നായർ 'സ്വാമി വിമോചനാനന്ദ' എന്ന പേരിൽ സന്യാസിയായി സന്നിധാനത്ത് താമസം തുടങ്ങി. വന്യമൃഗങ്ങൾ ക്ഷേത്രത്തിനടുത്തു വരെ എത്തുമെന്നതിനാൽ ഏറുമാടത്തിലായിരുന്നു ഗോപാലമേനോനും ഗോവിന്ദൻ നായരും താമസിച്ചിരുന്നത്.

1950 ജൂലൈ മാസത്തിലുണ്ടായ തീപ്പിടിത്തത്തെത്തുടർന്ന് ശബരിമല ക്ഷേത്രം കത്തിനശിച്ചിരുന്നു. ഇതോടൊപ്പം അയ്യപ്പവിഗ്രഹവും അഗ്നിക്കിരയായി. 1951 ലാണ് ക്ഷേത്രം പുനർനിർമ്മിക്കപ്പെട്ടത്. മാവേലിക്കര സ്വദേശിയായിരുന്ന ഈശ്വരൻ നമ്പൂതിരിയായിരുന്നു അക്കാലത്ത് ശബരിമല മേൽശാന്തി. ഈശ്വരൻ നമ്പൂതിരി അതിനു തൊട്ടുമുമ്പ് അച്ചൻകോവിൽ അയ്യപ്പക്ഷേത്രത്തിലെ മേൽശാന്തിയായിരുന്ന സമയത്ത് അവിടെയെത്തിയ അവധൂതനായ തുരികാനന്ദ ബ്രഹ്മാനന്ദ സരസ്വതി ഹരിവരാസനം അടങ്ങിയ 'ശാസ്താ സ്തുതി കദംബം' എന്ന പുസ്തകം അദ്ദേഹത്തിന് നൽകുകയുണ്ടായി. 1951 ൽ ക്ഷേത്രത്തിലെ അയ്യപ്പവിഗ്രഹത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കു ശേഷം ഈശ്വരൻ

നമ്പൂതിരിയുടെയും ഗോപാലമേനോന്റെയും സ്വാമി വിമോചനാനന്ദയുടെയും നേതൃത്വത്തിൽ സന്നിധാനത്ത് ഹരിവരാസനം നിത്യവും ആലപിച്ചു തുടങ്ങി. വിമോചനാനന്ദയുടെ താൽപര്യപ്രകാരമായിരുന്നു ഇതെന്നു കരുതപ്പെടുന്നു.

അല്പം വ്യത്യസ്തമായ മറ്റൊരു കഥയും പറഞ്ഞു കേൾക്കുന്നുണ്ട്. കമ്പക്കുടി കുളത്തൂർ ശ്രീനിവാസ അയ്യർ എന്ന ഗുരുസ്വാമി താൻ രചിച്ച ഹരിവരാസനം 1950 കളുടെ തുടക്കത്തിൽ ശബരിമലയിൽ അത്താഴ പൂജയ്ക്കു ശേഷം പാടിയിരുന്നുവത്രെ. മേൽശാന്തി ഈശ്വരൻ നമ്പൂതിരിയുടെ സന്തത സഹചാരിയായി ക്ഷേത്രത്തിൽ താമസിച്ചിരുന്ന ഗോപാലമേനോൻ തുടർന്ന് മുടങ്ങാതെ അത്താഴപൂജയ്ക്കു ശേഷം ഹരിവരാസനം പാടിവരികയും ചെയ്തു.

ശബരിമല ക്ഷേത്രം ദേവസ്വം ബോർഡ് ഏറ്റെടുത്തപ്പോൾ ഗോപാലമേനോൻ അവിടെ നിന്നും പുറത്താക്കപ്പെട്ടു. അനാഥനായ മേനോൻ കുറച്ച് കാലത്തിനുള്ളിൽ വണ്ടിപ്പെരിയാറിലെ ഒരു തേയിലത്തോട്ടത്തിൽ വച്ച് മരണമടഞ്ഞു. സുഹൃത്തിന്റെ ചരമ വാർത്തയറിഞ്ഞ ഈശ്വരൻ നമ്പൂതിരിക്ക് കടുത്ത വ്യസനമുണ്ടായി. ആത്മാർഥമായ ഭക്തിയോടെ ഹരിവരാസനം ആലപിച്ചിരുന്ന മേനോന്റെ സ്മരണയിൽ ഈശ്വരൻ നമ്പൂതിരി ഇത് ആലപിച്ചു തുടങ്ങുകയും പിൻഗാമികൾ ഈ ചടങ്ങ് തുടർന്നുപോരുകയും ചെയ്തു വത്രെ.

ദേവസ്വം ബോർഡ് രേഖകൾ പ്രകാരം 1953 മുതലാണ് ഹരിവരാസനം അയ്യപ്പന്റെ ഉറക്കുപാട്ടായി പാടിത്തുടങ്ങിയതത്രെ. തീപ്പിടിത്തത്തിൽ നശിച്ച ക്ഷേത്രത്തിന്റെ പുനർനിർമാണം പൂർത്തിയായ ശേഷം ഭക്തജനങ്ങളുടെ എണ്ണം കൂടുകയും നടയടക്കുന്ന സമയത്ത് കൂടി നിന്നിരുന്ന ഭക്തർ ഹരിവരാസനം ചൊല്ലി വരികയും ചെയ്തു. തുടർന്ന് അത്താഴപൂജയ്ക്കു ശേഷം ഉടുക്കു കൊട്ടിപ്പാടുന്ന കീർത്തനമായി ഇതു മാറുകയായിരുന്നു.

**ഹരിവരാസനത്തിന്റെ ഘടന**

സംസ്കൃത ഭാഷയുടെ ആധിക്യമുള്ള മലയാളത്തിൽ രചിക്കപ്പെട്ട ശാന്തവും ദീപ്തവുമായ ഭക്തികീർത്തനമാണ് ഹരിവരാസനം. അയ്യപ്പന്റെ രൂപഭാവങ്ങളെ വർണ്ണിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന ഹരിവരാസനത്തിൽ നാല് വരികൾ വീതമുള്ള എട്ടു ശ്ലോകങ്ങളാണുള്ളത്. അതിനാൽ ഹരിഹരസുതാഷ്ടകം, ഹരിഹരാത്മജാഷ്ടകം, അയ്യപ്പാഷ്ടകം എന്നീ പേരുകളിലും ഇതറിയപ്പെടുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ 8 ശ്ലോകങ്ങൾ, 32 വരികൾ, 108 വാക്കുകൾ, 352 അക്ഷരങ്ങൾ എന്നിവയടങ്ങിയതാണ് ഹരിവരാസനം.

സാധാരണ ഗാനങ്ങളിലുള്ളതുപോലെ ആദ്യ വരികൾ പല്ലവിയായി പിന്നീട് ആവർത്തിക്കുന്ന രീതിയിലല്ല ഹരിവരാസനത്തിന്റെ രചനയും ആലാപനവും. എന്നാൽ എല്ലാ ശ്ലോകങ്ങളിലെയും അവസാനത്തെ വരി ഒരേതാണ് – 'ഹരിഹരാത്മജം ദേവമാശ്രയേ'

ഹരിവരാസനത്തിന്റെ ചില ആലാപന ശൈലികളിൽ നാലുവരികളുള്ള ഓരോ ശ്ലോകത്തിനു ശേഷവും 'ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ' എന്ന് രണ്ടു പ്രാവശ്യം ആവർത്തിച്ചു പാടുന്ന പതിവുണ്ട്.

ആദ്യത്തെ നാലുവരികളുടെ അർഥം ഇങ്ങനെയാണ്.

'ഹരിയുടെ അനുഗ്രഹങ്ങൾക്ക് നിലയമായവനും ലോകത്തെ മുഴുവൻ ആകർഷിക്കുന്നവനും സകല ദിക്കുകളുടെയും ഈശ്വരനും

ആരാധ്യമായ പാദുകങ്ങളോട് കൂടിയവനും ശത്രുസംഹാരം ചെയ്തവനും നിത്യവും നർത്തനം ചെയ്യുന്നവനും വിഷ്ണു -ശിവൻമാരുടെ പുത്രനുമായ ദേവാനിന്നിൽ ആശ്രയം തേടുന്നു.'

**ഹരിവരാസനത്തിന്റെ രചയിതാവ്?**

കമ്പക്കുടി കുളത്തൂർ ശ്രീനിവാസ അയ്യരാണ് ഹരിവരാസനം രചിച്ചതെന്നാണ് ആദ്യകാലം മുതൽ പരമ്പരാഗതമായി വിശ്വസിച്ചു വന്നിരുന്നത്. ദേവസ്വം ബോർഡിന്റെ രേഖകളും ഇതു പ്രകാരമായിരുന്നു. തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ കല്ലടക്കുറിച്ചിയിലാണ് കമ്പക്കുടി.

ശബരിമല അയ്യപ്പനെ കമ്പക്കുടിയുമായി ബന്ധിപ്പിക്കുന്ന ഒരു ഐതിഹ്യമുണ്ട്. പന്തളം കൊട്ടാരത്തിൽ വളർത്തു മകനായി അയ്യപ്പൻ കഴിയുന്ന അവസരത്തിൽ രാജ്ഞിക്കുണ്ടായ രോഗം മാറ്റാൻ പുലിപ്പാൽ ആവശ്യമാണെന്ന് കൊട്ടാരം വൈദ്യൻ കൽപ്പിക്കുന്നു. പുലിപ്പാൽ കൊണ്ടുവരാൻ സ്വയം ഉത്തരവാദിത്തം ഏറ്റെടുത്ത് പന്തളത്തുനിന്നും പുറപ്പെട്ട കൗമാരക്കാരനായ അയ്യപ്പൻ വിശന്നുവലഞ്ഞ് കാട്ടിനുള്ളിൽ കണ്ട ഒരു കുടിലിലേക്ക് കയറിച്ചെന്നു. മക്കളില്ലാത്ത വൃദ്ധ ദമ്പതികളായിരുന്നു അവിടത്തെ താമസക്കാർ. വീട്ടുകാരിയായ വൃദ്ധ വിശന്നു വലഞ്ഞ കുമാരന് കമ്പ് (Bajra) എന്ന ധാന്യം അരച്ച് കഞ്ഞിയാക്കി കുടിക്കാൻ കൊടുത്തു. അന്നു രാത്രി അവിടെ അന്തിയുറങ്ങിയ കുമാരനെ പിറ്റേന്നു രാവിലെ ദമ്പതിമാർ കണ്ടില്ല. അന്വേഷിച്ചപ്പോൾ അയ്യപ്പന്റെ അരുളപ്പാടുണ്ടായത്രെ.- വിശന്നു വലഞ്ഞ തനിക്ക് കമ്പ് പൊടിച്ച് കഞ്ഞി നൽകിയ കുടുംബം ഇനി മുതൽ 'കമ്പക്കുടി' എന്നറിയപ്പെടുമെന്നും എപ്പോൾ ആവശ്യമുണ്ടെങ്കിലും വിളിച്ചാൽ താൻ പ്രത്യക്ഷപ്പെടുമെന്നുമായിരുന്നു അശരീരി.

1907 മുതൽ 1920 വരെ ശബരിമലയിൽ മേൽശാന്തിയായിരുന്ന അനന്തകൃഷ്ണയ്യർ കമ്പക്കുടി ദേശക്കാരനായിരുന്നുവത്രെ.

ഹരിവരാസനവും മറ്റു ചില അയ്യപ്പ സ്തുതി കീർത്തനങ്ങളും അടങ്ങിയ ഒരു ചെറിയ പുസ്തകം 'ശ്രീ ധർമ്മശാസ്താ സ്തുതി കദംബം' എന്ന പേരിൽ 1961 ൽ തിരുവനന്തപുരം ചാലയിലെ ജയചന്ദ്ര ബുക്ക് ഡിപ്പോയിൽ അച്ചടിച്ച് കമ്പക്കുടി കുളത്തൂർ സുന്ദരം അയ്യർ എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്നു. ഈ പുസ്തകത്തിൽ ഹരിവരാസനം കീർത്തനമുള്ള ഭാഗത്ത് കമ്പക്കുടി കുളത്തൂർ ശ്രീനിവാസ അയ്യരെ സമ്പാദകൻ എന്നാണ് ചേർത്തത് എന്നു പറയപ്പെടുന്നു.

എന്നാൽ ആലപ്പുഴ പുറക്കാട് കോന്നകത്ത് ജാനകിയമ്മയാണ് ഹരിവരാസനത്തിന്റെ രചയിതാവ് എന്ന വാദവുമായി അവരുടെ ബന്ധുക്കൾ ഏതാനും വർഷങ്ങൾക്കു മുമ്പ് രംഗത്തു വരികയുണ്ടായി. 1907–1920 കാലഘട്ടത്തിൽ ശബരിമലയിലെ മേൽശാന്തിയായിരുന്ന അനന്തകൃഷ്ണയ്യരുടെ മകളായിരുന്നു ജാനകിയമ്മ. 1923 ൽ താനെഴുതിയ കീർത്തനം ജാനകിയമ്മ പിതാവിന്റെ കൈവശം കൊടുത്ത് അയ്യപ്പന് കാണിക്കയായി സമർപ്പിക്കയായിരുന്നുവത്രെ. എന്നാൽ ഈ വാദത്തിന് ഉപോൽബലകമായ കൃത്യമായ തെളിവുകൾ ലഭ്യമല്ല .

എന്നാൽ രചയിതാവിനെപ്പറ്റി വ്യക്തതയില്ലാത്തതിനാൽ നിലവിൽ ദേവസ്വം ബോർഡ് 'അജ്ഞാത കർതൃത്വം' എന്ന ഗണത്തിലാണ് പെടുത്തിയത് എന്നാണറിയുന്നത്.

**ആദ്യകാല ഈണങ്ങൾ**

ഉറക്കുപാട്ട് എന്ന രീതിയിൽ നടയടക്കുന്ന സമയത്ത് ക്ഷേത്രത്തിലെ ശാന്തിമാരും ഭക്തരും പരമ്പരാഗതമായി പാടി വന്ന

ഹരിവരാസനം എല്ലാവരികളിലും 'സ്വാമി ' എന്ന വാക്ക് ഉൾപ്പെട്ടതായിരുന്നു. ആദ്യ കാലത്ത് 'നീലാംബരി' രാഗത്തിലായിരുന്നു പാടിയിരുന്നതത്രെ.

1971ൽ പ്രശസ്ത സംഗീത സംവിധായ കരും ഗായകരുമായ ജയവിജയൻമാർ ഹരിവരാസനം സ്വന്തമായി ഈണം നൽകി ആലപിച്ച് ശബ്ദലേഖനം (Record)



ചെയ്തിരുന്നു. മൂലകൃതിയിലുള്ളതുപോലെ എല്ലാവരികളിലും 'സ്വാമി' യെന്ന പദം ഉൾക്കൊള്ളുന്നതായിരുന്നു ഈ ഗാനത്തി ലെയും വരികൾ. ഈണമാകട്ടെ ഭജനപ്പാട്ട് ശൈലിയിലും. ഈ ഗാനത്തിന്റെ ശബ്ദരൂപം (Audiofile) ഇപ്പോഴും ലഭ്യമാണ്.

**സിനിമയിലെ ഹരിവരാസനം**

ശബരിമലക്ഷേത്ര സന്നിധാനത്തിലെ ആലാപനത്തിൽ ഒതുങ്ങി നിന്നിരുന്ന ഹരിവരാസനം ഭക്തജനങ്ങൾക്ക് പ്രിയങ്കര മായതിനും ലോകശ്രദ്ധയാകർഷിക്കുന്ന രീതി യിൽ പിൽക്കാലത്ത് പ്രശസ്തമായതിനു മെല്ലാം ഹേതുവായത് ഒരു ചലച്ചിത്രമാണ്.

മലയാളമടക്കമുള്ള ദക്ഷിണേന്ത്യൻ ഭാഷകളിൽ നിരവധി ഭക്തികഥാചലച്ചിത്ര ങ്ങളുടെ നിർമ്മാതാവും സംവിധായകനുമായ പി. സുബ്രഹ്മണ്യം 1974ൽ 'സ്വാമി അയ്യപ്പൻ' എന്ന പേരിൽ ഒരു ചലച്ചിത്രം നിർമ്മിക്കാൻ തീരുമാനിച്ചു. വയലാറും ശ്രീകുമാരൻ തമ്പിയും ചേർന്ന് ഗാനരചനയും ദേവരാജൻ മാസ്റ്റർ സംഗീത സംവിധാനവും നിർവ്വഹിച്ച ചിത്രം1975ൽ സുബ്രഹ്മണ്യത്തിന്റെ സംവിധാ നത്തിൽ പുറത്തിറങ്ങി. ഈ ചിത്രത്തിൽ ഹരിവരാസനം നടയടയ്ക്കുന്ന സമയത്ത് പാടുന്ന ഉറക്കുപാട്ടായി ഉൾപ്പെടുത്തിയത് കീർത്തനത്തിന്റെ പിൻകാല ചരിത്രം തിരുത്തി ക്കുറിക്കുകയായിരുന്നു.

**ഒഴിവായ 'സ്വാമി' യും മാറിയ രാഗവും**

അതുവരെ പാടി വന്നിരുന്ന ഹരിവരാ സനത്തിന്റെ ശൈലിയിൽ നിന്നും സമൂലമായ മാറ്റം വരികളിലും ഈണത്തിലും വരുത്തി ക്കൊണ്ടാണ് ദേവരാജൻ മാസ്റ്റർ 'സ്വാമി അയ്യപ്പൻ' സിനിമയ്ക്കുവേണ്ടി ഹരിവരാസനം ചിട്ടപ്പെടുത്തിയത്. ആദ്യം എല്ലാ വരികളിലും ആവർത്തിച്ച് വരുന്ന 'സ്വാമി'യെന്ന പദം ഒഴിവാക്കപ്പെട്ടു. ഈയൊരു മാറ്റത്തിന് ഹേതു വായി മാസ്റ്റർ പറഞ്ഞത് ഇങ്ങനെയായിരുന്നു.

ഹരിവരാസനം അയ്യപ്പസ്വാമിയുടെ ഉറക്കു പാട്ടാണ്. ഒരു കുഞ്ഞിനെ ഉറക്കുവാൻ താരാട്ടു പാടുമ്പോൾ അതിന്റെ പേര് ആവർത്തിച്ച് ഉച്ചരിക്കുകയാണെങ്കിൽ കുഞ്ഞിന് ഉറങ്ങാൻ കഴിയില്ല. തന്റെ പേര് കേൾക്കുന്ന മാത്രയിൽ കുഞ്ഞ് ഉണർന്നു പോകും. അതുപോലെ ഹരിവരാസനത്തിന്റെ വരികളിൽ 'സ്വാമി' ആവർത്തിക്കപ്പെട്ടാൽ അയ്യപ്പനുറങ്ങാൻ കഴിയില്ല.

വിശ്വാസത്തിൽ നാസ്തികനായ (Atheist) സംഗീതജ്ഞന്റെ ധിഷണാപരമായ നിരീക്ഷ ണമായിരുന്നു ഇതെന്നു വ്യക്തം.

ഇക്കാര്യം സിനിമയുടെ സംവിധായകൻ സുബ്രഹ്മണ്യത്തെ ബോധ്യപ്പെടുത്തിയ ശേഷ മായിരുന്നു വരികൾക്ക് ദേവരാജൻ മാസ്റ്റർ ഈണം നൽകിയത്. ഈശ്വര വിശ്വാസിയായ സംഗീത സംവിധായകനായിരുന്നെങ്കിൽ ഇത്തരമൊരു മാറ്റത്തിന് തുനിയില്ല എന്നത് നിശ്ചയം.

മറ്റൊരു പ്രധാന മാറ്റം ഈണത്തിലും രാഗത്തിലുംവരുത്തിയതാണ്. ജയവിജയൻമാർ

ഭജനപ്പാട്ടു ശൈലിയിൽ സൃഷ്ടിച്ച ഈണത്തിൽ നിന്നും അത്യന്തം വ്യത്യസ്തമായിരുന്നു പുതിയ ഈണം. സാധാരണ ഉറക്കുപാട്ടുകൾക്ക് നീലാംബരി രാഗമാണ് ഉപയോഗിക്കുക. എന്നാൽ 'സ്വാമി അയ്യപ്പൻ ' സിനിമയിൽ ക്ഷേത്രത്തിന് മുന്നിൽ ഗുരുസ്വാമിയും ചുറ്റും കൂടിനിൽക്കുന്ന ഭക്തജനങ്ങളും പാടുന്ന രീതിയിൽ ചിത്രീകരിക്കപ്പെട്ട ഹരിവരാസനം മംഗള രാഗമായ 'മധ്യമാവതി' യിലായിരുന്നു ചിട്ടപ്പെടുത്തിയത്.

വരികളിൽ നിന്ന് 'സ്വാമി' എടുത്തുമാറ്റി പുതിയ ഈണവും വ്യത്യസ്ത രാഗവും ഉപയോഗിച്ച ദേവരാജൻ മാസ്റ്ററുടെ കാഴ്ചപ്പാട് ശരിയായിരുന്നു എന്നു തെളിയിക്കുന്നതായിരുന്നു ഈ രീതിയിൽ ചിട്ടപ്പെടുത്തിയ ഹരിവരാസനം കീർത്തനത്തിന് ലഭിച്ച അംഗീകാരവും പ്രശസ്തിയും.

മൂലകൃതിയിലുള്ള എട്ടു ശ്ലോകങ്ങളിൽ നാലെണ്ണം മാത്രമായിരുന്നു സിനിമയിൽ ഉപയോഗിച്ചത്. ചലച്ചിത്രത്തിൽ സാധാരണ ഗാനങ്ങൾക്ക് അനുവദിക്കപ്പെട്ട സമയ നിബന്ധനയാണ് ഇതിനു കാരണം. ഹരിവരാസനം കീർത്തനത്തിലുള്ളആദ്യത്തെ രണ്ടു ശ്ലോകങ്ങളും അവസാനത്തെ രണ്ടു ശ്ലോകങ്ങളുമാണ് സിനിമയിലെ ഗാനത്തിൽ ഉൾപ്പെടുത്തിയത്. ആദ്യവരിയായ ഹരിവരാസനത്തിനു പുറമെ ശരണകീർത്തനം, കളമൃദുസ്മിതം, ശ്രിതജനപ്രിയം എന്നീ പദങ്ങളിൽ തുടങ്ങുന്നതാണ് ഈ ശ്ലോകങ്ങൾ. വാദ്യവൃന്ദം രണ്ടു തരത്തിൽ സിനിമയ്ക്കായി ഗാനം ചിട്ടപ്പെടുത്തിയപ്പോൾ രണ്ടു തരത്തിൽ വാദ്യവൃന്ദം (orchestra) നൽകി രണ്ടു ഗാനങ്ങൾ ശബ്ദലേഖനം ചെയ്യുകയായിരുന്നു. ഒന്ന് സിനിമയിലെ ഗാനരംഗത്തിനു വേണ്ടിയും മറ്റേത് സിനിമയുടെ ഗാന റെക്കേർഡിൽ ഉൾപ്പെടുത്താനുമാണ് ഉപയോഗിച്ചത്. ഇങ്ങിനെ അൽപം വ്യത്യസ്തമായ രണ്ടു ഗാനരൂപങ്ങൾ ലഭിച്ചു.

സിനിമയിലെ രംഗത്ത് പാടുന്ന ഗാനത്തിൽ ഓരോ ശ്ലോകത്തിനു ശേഷവും 'ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ' എന്ന് കോറസായി പാടുന്നുണ്ട്. കോറസിനു ശേഷം ഭക്തിരസം തുളുമ്പുന്ന രീതിയിൽ പുല്ലാങ്കുഴൽ നാദവും മണിനാദവും ആണ് വാദ്യവൃന്ദമായി ചേർത്തിട്ടുള്ളത്. സിനിമയിൽ ഗുരുസ്വാമിയും ശിഷ്യൻമാരും ചേർന്ന് പാടുന്ന രംഗമായതുകൊണ്ടാണ് കോറസ് ഉൾപ്പെടുത്തിയത്.

എന്നാൽ സിനിമയുടെ വിനൈൽ റെക്കോഡിൽ ശബ്ദലേഖനം ചെയ്ത ഗാനത്തിൽ കോറസ് ആലാപനമില്ല. ഗാനം തുടങ്ങുന്നത് മണിനാദവും ഓടക്കുഴലും ചേർന്ന ശ്രവ്യസുന്ദരമായ വാദ്യവൃന്ദത്തോടെയാണ്. നാലുവരിയുള്ള ഓരോ ശ്ലോകത്തിന്റെയും ആലാപനത്തിനു ശേഷം നാദസ്വരവും ഓടക്കുഴലും ഒന്നിടവിട്ട് വരുന്ന രീതിയിലാണ് വാദ്യപ്രയോഗം. അവസാനത്തെ ശ്ലോകം പാടിക്കഴിയുമ്പോൾ ഏറ്റവും അവസാനം 'ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ' എന്ന് കോറസില്ലാതെ പാടിയാണ് ഗാനം അവസാനിപ്പിക്കുന്നത്. ഈ ഗാനത്തിൽ മണിനാദം ഉചിതമായ സ്ഥാനങ്ങളിൽ പ്രയോഗിച്ചത് ക്ഷേത്രാന്തരീക്ഷത്തിന്റെ അനുഭവവും സംഗീതപരമായ ആസ്വാദ്യതയും വർദ്ധിപ്പിക്കുന്നു.

ആകാശവാണിയിലൂടെയും മറ്റും കൂടുതലായി പ്രക്ഷേപണം ചെയ്യപ്പെട്ടതും ഗാന ആസ്വാദകരിലേക്ക് കൂടുതലായി എത്തിയതും റെക്കോഡിലുള്ള ഈ ഗാനരൂപമാണ്.

ഈ രണ്ടു ഗാനരൂപങ്ങളിലും അതിസൂക്ഷ്മവും അതീവ ഭക്തിരസം ഉളവാക്കുന്ന രീതിയിലുമാണ് ദേവരാജൻ മാസ്റ്റർ ഓരോ വരിക്കും അക്ഷരത്തിനും വരെ സംഗീതം

പകർന്നത്. ഗാനത്തിൽ ഉചിതമായസ്ഥാന ങ്ങളിൽ ഉപയോഗിച്ച നാദസ്വരം, ഓടക്കുഴൽ, മണിനാദം എന്നിവ ക്ഷേത്രാന്തരീക്ഷത്തിന്റെ പ്രതീതിയും നിർമലമായ ഭക്തിയുടെ അനുഭൂതിയും പ്രദാനം ചെയ്യുന്നു. വളരെ ലളിതമായ രൂപത്തിൽ ഏതൊരു ശ്രോതാ വിനെയും ആകർഷിക്കുന്ന രീതിയിലാണ് ഗാനത്തിന്റെ ശാന്തവും ഭാവദീപ്തവുമായ ഈണം. ഈ വിശേഷതകൾ തന്നെയാണ് ഹരിവരാസനത്തിന്റെ പ്രചുരപ്രചാരത്തിന് അടിസ്ഥാനം.

**ഹരിവരാസനം പിറന്ന മധ്യമാവതി**

സാധാരണയായി ഉറക്കുപാട്ടുകളുടെ ഈണത്തിന് ആധാരമാക്കാറുള്ള നീലാംബരി രാഗത്തിനു പകരം അയ്യപ്പന്റെ ഉറക്കുപാട്ടിന് മധ്യമാവതി രാഗം ഉപയോഗിച്ചതിന്റെ സാംഗത്യം ചിന്തനീയമാണ്.

കർണാടക സംഗീതത്തിലെ ഇരുപത്തി രണ്ടാം മേളകർത്താരാഗമായ 'ഖരഹരപ്രിയ' യുടെ ജന്യരാഗമാണ് മധ്യമാവതി. ആരോഹ ണത്തിലും അവരോഹണത്തിലും അഞ്ചു സ്വരങ്ങൾ വീതമുള്ള ഔഡവ രാഗമായ മധ്യമാവതിയുടെ സ്വരങ്ങൾ സ, രി2, മ1, പ, നി2 എന്നിവയാണ്. സംഗീതക്കച്ചേരികളിലെ അവസാനത്തെ കൃതി പാടുന്ന മംഗള രാഗമായാണ് മധ്യമാവതി കണക്കാക്കപ്പെടു ന്നത്. മധ്യമാവതി പാടുന്നതോടെ മുമ്പു പാടിയ കൃതികളിൽ അറിയാതെ വന്നുപോയ പാകപ്പിഴകൾ പൊറുക്കപ്പെട്ട് മംഗളം ഭവിക്കും എന്നാണ് വിശ്വാസം. കച്ചേരിക്ക് മംഗളം പാടുന്ന ഈ രാഗത്തെ ഒരു ദിവസത്തിന്റെ അവസാനം ശബരിമല ക്ഷേത്രനട അടയ് ക്കുന്ന മംഗളകരമായ മുഹൂർത്തത്തിന്റെ സംഗീതാവിഷ്കാരത്തിന് ഉപയുക്തമാക്കി യത് പ്രതിഭാശാലിയായ സംഗീതകാരന്റെ ഉദ്ദേശ്യപരത തന്നെയെന്നു കരുതാം.

**സന്നിധാനത്തിലെ ഹരിവരാസനം**

'സ്വാമി അയ്യപ്പൻ' സിനിമയും അതിലുള്ള എല്ലാ ഗാനങ്ങളും ഗുണനിലവാ രത്തിന്റെയും ആസ്വാദ്യത യുടെയും കാര്യങ്ങളിൽ നേടിയ ജനപ്രീതി അളവറ്റതാ യിരുന്നു. മലയാളം കൂടാതെ തമിഴ്, കന്നഡ, തെലുഗു ഭാഷക ളിലും നിർമ്മിക്കപ്പെട്ട ചിത്രമാകട്ടെ ദക്ഷിണേ ന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വൻവിജയ മായി. ശബരിമലയിലേക്കു വരുന്ന അന്യ സംസ്ഥാന തീർഥാടകരുടെ എണ്ണം വർദ്ധിക്കു ന്നതിന് ഈ ചലച്ചിത്രം ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

സ്വാമി അയ്യപ്പന്റെ വൻ വിജയത്തെ ത്തുടർന്ന് സിനിമയുടെ ശിൽപ്പികളെ ആദരി ക്കുന്ന ചടങ്ങ് 1975 ൽ ദേവസ്വം ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ഗാനങ്ങളിൽ അയ്യപ്പന്റെ ഉറക്കുപാട്ടായ ഹരിവരാസനം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. പുതിയ ഈണത്തിൽ യേശുദാസിന്റെ ശബ്ദത്തിലുള്ള ഹരിവരാസനം ഉച്ചഭാഷിണിയിലൂടെ നടയടയ് ക്കുന്ന സമയത്ത് ഭക്തജനങ്ങളെ കേൾപ്പിക്കു മെന്ന് അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡണ്ട് ജി.പി. മംഗലത്തുമഠം ചടങ്ങിൽ പ്രഖ്യാപിച്ചു. വിപ്ലവകരമായ ഈ തീരുമാന ത്തോടെയാണ് ഗാനഗന്ധർവ സ്വരത്തിൽ ഹരിവരാസനം സന്നിധാനത്ത് മുഴങ്ങി തുടങ്ങിയത്. അതിപ്പോഴും തുടരുന്നു.

ആദ്യകാലത്ത് സിനിമയുടെ വിനൈൽ റെക്കോഡിലെ ഗാനമാണ് കേൾപ്പിച്ചിരുന്നത്. എന്നാൽ പിൽക്കാലത്ത് യേശുദാസിന്റെ ശബ്ദത്തിൽ അതേ ഈണത്തിൽ ക്ഷേത്ര ത്തിൽ പാടാനായി ഹരിവരാസനം എല്ലാ ശ്ലോകങ്ങളും ഉൾപ്പെടുത്തി ശബ്ദലേഖനം ചെയ്യപ്പെട്ടു. സിനിമയിലേതിൽ നിന്നും അല്പം ഭേദഗതികളോടെ വേഗത കുറച്ച് വാദ്യവൃന്ദത്തിൽ മാറ്റം വരുത്തിയതാണ് ഈ

ഗാനം. ഇതാണ് ഇപ്പോൾ ശബരിമലയിൽ കേൾപ്പിച്ചു വരുന്നത്.

പല പ്രശസ്ത ഉപകരണ സംഗീത വിദഗ്ദ്ധരും സംഗീതോപകരണങ്ങളിൽ വായിച്ചത് സ്വാമിയെന്ന പദം ഇല്ലാത്ത ഹരിവരാസന രൂപമാണ്. വീണ, വയലിൻ, സാക്സോഫോൺ, മാൻഡൊലിൻ, ഓടക്കുഴൽ എന്നീ വാദ്യങ്ങളിൽ വായിച്ച ഹരിവരാസനം വ്യാപകമായി സമൂഹമാധ്യമങ്ങളിലുണ്ട്. യേശുദാസ് തന്നെ സംഗീതക്കച്ചേരിയായും ഈ രൂപത്തിലുള്ള ഹരിവരാസനം ആലപിച്ചിട്ടുണ്ട്. സ്വാമിയെന്ന പദമില്ലാത്ത രൂപത്തിന്റെ പ്രചുരപ്രചാരവും സ്വീകാര്യതയുമാണ് ഇതു വ്യക്തമാക്കുന്നത്. സ്വാമി എന്ന പദം ഒഴിവാക്കിയത് വാസ്തവത്തിൽ ഭജനപ്പാട്ട് രൂപത്തിൽ നിന്നും വ്യത്യസ്തമായി കീർത്തനത്തിന്റെ ഗാംഭീര്യവും രൂപഭംഗിയും ഹരിവരാസനത്തിന് നൽകിയെന്നത് വ്യക്തമാണ്.

ഒരു പക്ഷെ ഏറ്റവും കൂടുതൽ സംഗീത വ്യാഖ്യാനങ്ങൾ ഉണ്ടായ കീർത്തനമാണ് ഹരിവരാസനം. പല സംഗീതജ്ഞരുടെ ഈണത്തിലും പല ഗായകരുടെ സ്വരത്തിലും പിൽക്കാലത്ത് ഹരിവരാസന ഗാനരൂപങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ ദേവരാജ സംഗീതത്തിൽ യേശുദാസ് പാടിയ ഗാനരൂപം എക്കാലത്തെയും മികച്ച മാതൃകയായി നിലനിൽക്കുന്നു. 2017 ൽ വരികളിൽ വീണ്ടും 'സ്വാമി' ചേർത്ത് ഹരിവരാസനം മാറ്റിപ്പാടാൻ ശ്രമമുണ്ടായെങ്കിലും എതിർപ്പുകൾ ഉയർന്നതിനാൽ അത് നടക്കാതെ പോകുകയായിരുന്നു.

കുറച്ചു കാലം മുമ്പ് 'സ്വാമി അയ്യപ്പൻ' എന്ന പേരിൽ ഒരു പരമ്പര ഏഷ്യാനെറ്റ് ടി.വി.ചാനലിൽ സംപ്രേഷണം ചെയ്തപ്പോൾ എല്ലാ എപ്പിസോഡിന്റെയും അന്ത്യത്തിൽ ഹരിവരാസനം (സിനിമയുടെ വിനൈൽ റെക്കോഡിലുള്ള ഗാനം) കേൾപ്പിച്ചിരുന്നു. സമീപകാലത്ത് പുറത്തിറങ്ങിയ ശബരിമല പശ്ചാത്തലമായ കഥ പറയുന്ന 'മാളികപ്പുറം' എന്ന സിനിമ അവസാനിക്കുന്നതും ഹരിവരാസനം (നിലവിൽ ക്ഷേത്രത്തിൽ ആലപിക്കുന്ന ഗാന രൂപം) കേട്ടുകൊണ്ടാണ്.

നാസ്തികനായ സംഗീതജ്ഞൻ സൃഷ്ടിച്ച മഹത്തായ ഈണത്തിലും അഹിന്ദുവായ ഗായകന്റെ ഗംഭീര സ്വരത്തിലുമുള്ള ഉറക്കുപാട്ട് കൂടി കേട്ടാണ് ഹൈന്ദവരുടെ പ്രിയങ്കരനായ ദൈവം നിദ്രയിലാകുന്നതെന്ന സങ്കൽപ്പം മതനിരപേക്ഷതയുടെ ശ്രീകോവിൽ കൂടിയായ ശബരിമലയുടെ കീർത്തിക്ക് മറ്റൊരു തരത്തിൽ മാറ്റുകൂട്ടുന്നു എന്നു പറയാം.

**അവലംബം**


1. ഹരിവരാസനം - വിക്കിപീഡിയ
2. ഹരിവരാസനം -കേരളകൗമുദി വെബ്സൈറ്റ്
3. വിജയമോഹൻ ഡി - ഭക്തമാനസം - മലയാള മനോരമ ഞയറാഴ്ചപ്പതിപ്പ് 2017 ഏപ്രിൽ 9
4. ജയകുമാർ കെ.ബി. ഈ മാറ്റത്തിനു നീതീകരണമില്ല (ലേഖനം) -മലയാള മനോരമ ദിനപത്രം 2017 നവമ്പർ 25.
5. ഭാഗ്യലക്ഷ്മി എസ് - രാഗലക്ഷണ ദീപിക - സി.ബി.എച്ച്. ബുക്സ് - തിരുവനന്തപുരം

സുഭാഷിതം

# സ്നേഹ സാഹോദര്യം



*Er* കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

**കൂ**ട്ടുകുടുംബരീതി നിലനിന്നിരുന്ന കാലഘട്ടത്തിൽ ഒരു വീട്ടിൽ അച്ഛനും അമ്മയും ധാരാളം മക്കളും ഒരുമിച്ച് സന്തോഷത്തോടെ കഴിഞ്ഞിരുന്നു. പ്രായമുള്ള മുത്തച്ഛനും മുത്തശ്ശിയുമുള്ള വീട്, ചിലപ്പോൾ സഹോദരങ്ങൾ തമ്മിൽ അല്ലറ ചില്ലറ സൗന്ദര്യ പിണക്കങ്ങൾ കണ്ടേക്കാം. മുതിർന്നവർ ഇടപെട്ട് പിണക്കം തീർത്ത് ഇണക്കത്തിലാക്കി തോളിൽ കൈയ്യിട്ട് പറമ്പിലേക്ക് കളിക്കാൻ ഓടുന്ന സഹോദരങ്ങൾ. അവരുടെ പരസ്പര സ്നേഹം പറഞ്ഞറിയിക്കുവാൻ പ്രയാസം. അതിന്റെ കാഠിന്യം അറിയണമെങ്കിൽ കളിക്കിടയിൽ പുറമേ നിന്നുള്ള ആരെങ്കിലും സ്വന്തം സഹോദരനെ ഒന്ന് തൊട്ടു നോക്കണം...! തൊട്ടവന് അടി എപ്പോൾ കിട്ടി എന്ന് ചോദിച്ചാൽ മതി. ഇന്നത്തെ തലമുറയ്ക്ക് ഇത് വിശ്വസിക്കുവാനോ ഉൾക്കൊള്ളുവാനോ പ്രയാസമാണ്. കാരണം, നാം രണ്ട് നമുക്ക് ഒന്നോ രണ്ടോ എന്ന നിലയിലേക്ക് അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തി കഴിഞ്ഞുകൂടുന്ന രീതിയാണ് ഇന്ന്. അതിനാൽ സഹോദരന്റെ വിലയെന്തെന്നോ സ്നേഹമെന്തെന്നോ അറിയില്ല. ചിലപ്പോൾ വർഷങ്ങളായി തമ്മിൽ കണ്ടിട്ടുപോലുമുണ്ടാകില്ല.

സഹോദര സ്നേഹം അനുഭവിച്ചറിഞ്ഞ രണ്ട് സഹോദരന്മാരുടെ കഥയിതാ.....

വിവാഹിതരായ രണ്ട് കർഷക സഹോദരന്മാർ. അടുത്തടുത്ത വീട്ടിൽ താമസം. മൂത്തയാൾക്ക് രണ്ട് മക്കൾ. അനിയന് മക്കളില്ല. വിളവെടുപ്പിന്റെ സമയം കൊയ്തെടുത്ത് വീട്ടിലേക്ക് വരുമ്പോൾ അനിയൻ ചിന്തിച്ചു. എനിക്ക് മക്കളില്ല. എനിക്ക് ഇത്രയും സ്വത്തിന്റെ ആവശ്യമില്ല. ചേട്ടനാണെങ്കിൽ രണ്ട് മക്കളുണ്ട്. അവർക്ക് ചെലവു കൂടും. എന്തെങ്കിലും സഹായിക്കാമെന്ന് വെച്ചാൽ ചേട്ടൻ സമ്മതിക്കില്ലെന്ന് കരുതി വിളവിൽ ഒരു പങ്ക് എല്ലാ ദിവസവും രാത്രിയിൽ ചേട്ടന്റെ കലവറയിലെത്തിക്കാൻ ജോലിക്കാരനെ ഏൽപ്പിച്ചു. എന്നാൽ ചേട്ടൻ ചിന്തിച്ചത് വേറൊരു രീതിയിലാണ്. എനിക്ക് പ്രായമായി വെയ്യാണ്ടായാൽ മക്കൾ നോക്കികൊള്ളും. അതിനാൽ ഇത്രയും സ്വത്തിന്റെ ആവശ്യമെനിക്കില്ല. അനിയന് വയ്യാണ്ടായാൽ നോക്കാനാരുമില്ല. വയസ്സായാൽ സമ്പത്തധികമുണ്ടായാലേ ജീവിക്കാനൊരു ധൈര്യമുണ്ടാകു. അവനോട് ചോദിച്ചാൽ വേണ്ട; ചേട്ടനല്ലേ ചെലവ് കൂടുതലുള്ളത് എന്നു പറയും... അതിനാൽ, അനിയനറിയാതെ കുറെ ധാന്യങ്ങൾ അവന്റെ അറയിലെത്തിക്കാൻ ജോലിക്കാരെ ഏർപ്പാടു ചെയ്തു. കാലങ്ങൾ കടന്നുപോയി. ഒരു ദിവസം അനിയൻ അറ പരിശോധിച്ചപ്പോൾ ചേട്ടന് എല്ലാ ദിവസവും ധാന്യം കൊടുത്തിട്ടുണ്ടെങ്കിലും അറയിലെ ധാന്യത്തിന്റെ അളവിൽ കുറവൊന്നുമില്ല....! ചേട്ടനും ഇതേ അനുഭവം...! എന്താണ് സംഭവിച്ചതെന്നറിയാൻ രണ്ടുപേരും പരസ്പരം അറിയാതെ രാത്രി കാവലിരുന്നു. അപ്പോഴാണ് കാര്യങ്ങളുടെ നിജസ്ഥിതി രണ്ട് സഹോദരന്മാർക്കും മനസ്സിലായത്. ഇതാണ് സാഹോദര്യം....

കവിത

# സൗഹൃദ് സംഗമം



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**അ**കതാരിൽ ആനന്ദ തേരിലേറി
ആനന്ദ നൃത്തം ചവിട്ടിയവർ
ആമോദത്തോടെ ഗമിച്ച നേരം
ആദ്യ സംഗമ വേദിയായി !

ആദ്യ ദിനത്തിലെ പരിഭവങ്ങൾ
ആധി പെരുത്തുള്ള സംശയങ്ങൾ
ആദ്യമായി മിണ്ടുന്ന കാലം മുതലുള്ള
അതിരുകളില്ലാത്ത ഓർമ്മപ്പെടുത്തലുകൾ

അടി കൊണ്ടു പേടിച്ചു പഠിച്ചിരുന്നോർ
അടവുകൾ പലതും ഗ്രഹിച്ചിരുന്നോർ
അടുത്തടുത്തിരുന്നവർ ഏറ്റുചൊല്ലി
അടുത്ത നാൾമുതലതുവരെയുള്ള കാലം

ആരുമില്ലെന്ന തോന്നലിൽ നിന്നും
ആരൊക്കെയോ ഉണ്ടെന്ന തോന്നലായി
ആരാരുമറിയാതെ ജീവിയ്ക്കുന്നോർക്കും
ആരാധകവൃന്ദം ദൃശ്യമായി !

ആന തൻപേരുള്ളൊരു മുഖ്യൻ
ആനവാൽ കണ്ടാൽ ഓടുന്ന കേമൻ
ആദ്യമായി കാണുവാൻ ഓടി വന്നു
അപ്പോഴും ഗമയിട്ടു മുമ്പിൽ നിന്നു!

അന്നത്തെ കുട്ടിത്തമൊട്ടുമില്ലെന്നാലും
അന്നത്തെ കുട്ടിത്തരങ്ങളൊക്കെയും
ആഹ്ലാദത്തോടെ ഓർത്തെടുത്തു
അക്കാലം വീണ്ടും ജീവിയ്ക്കുവാ-
നാശതോന്നി!

✲

---

ഈ സഹോദരന്മാരുടെ പരസ്പര സ്നേഹം രണ്ട് കുടുംബങ്ങളുടേയും ഐശ്വര്യപൂർണ്ണമായ ജീവിതത്തിനു വഴിയൊരുക്കി. സ്നേഹ നിധിയായ സഹോദരനുണ്ടാകുന്നത് ജീവിതത്തിൽ മഹാഭാഗ്യമാണ്. അവരെ തോല്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. ഇതാ പുരാണത്തിലൊരു നിമിഷം...ശ്രീരാമനോട് പരാജിതനായ രാവണൻ ചോദിച്ചു; എന്റെ രാജ്യം നിന്റെ രാജ്യത്തെക്കാളും വലിപ്പമുള്ളതാണ്; എന്നിട്ടും ഞാൻ തോറ്റു. എന്റെ ആയുധശക്തി നിന്റെ ആയുധശക്തിയേക്കാളും പത്തിരട്ടിയുണ്ട്; എന്നിട്ടും ഞാൻ നിന്റെ മുമ്പിൽ തോറ്റു. എന്റെ ആൾബലം നിന്റെ ആൾബലത്തേക്കാളും പത്തിരട്ടിയുണ്ട്; എന്നിട്ടും രാമാ ഞാൻ നിന്റെ മുമ്പിൽതോറ്റു. ഇത്രയൊക്കെ ഉണ്ടായിട്ടും ഞാൻ നിന്റെ മുമ്പിൽ തോൽക്കാനുള്ള കാരണം എന്താണ് രാമാ ? രാമൻ പറഞ്ഞു; രാവണാ, നിനക്ക് എല്ലാം ഉണ്ട്, പക്ഷേ എന്റെ ലക്ഷ്മണനെ പോലെ ഒരു സഹോദരൻ നിനക്ക് ഇല്ലാത്തതു കൊണ്ടാണ് നീ തോറ്റത്. സ്നേഹത്തിന്റെ വില മനസ്സിലാക്കുക.. സഹോദരനെ മാത്രമല്ല, നാം ബന്ധപ്പെടുന്നവരെ മുഴുവൻ സഹോദരനു തുല്യം സ്നേഹിക്കുക. ഈ തിരിച്ചറിവിലാകട്ടെ ഇന്നത്തെ തുടക്കം.

✲

## നാടുനന്നാകാൻ - 15

# അലംഭാവത്തിന്റെ അതിപ്രസരം



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ഈ**യിടെ കൊച്ചിയിൽ ബ്രഹ്മപുരത്ത് മാലിന്യകൂമ്പാരത്തിന് തീ പിടിച്ച് അതിൽനിന്നുള്ള വിഷപ്പുകമൂലം പൊതുജനങ്ങളനുഭവിച്ച ദുരിതങ്ങൾ വളരെ വലുതാണ്. പുകശല്യത്തിനൊപ്പം മറ്റെന്തൊക്കയോ പുകഞ്ഞു നാറുന്നതായുള്ള സൂചനകളാണ് മാധ്യമങ്ങൾ നൽകുന്ന പിന്നാമ്പുറക്കഥകളിലെ പുകമറയിലൂടെ ലഭിക്കുന്നത്.

എൻഡോസൾഫാൻ കീടനാശിനി സൃഷ്ടിച്ച ദുരിതങ്ങൾ കാസർകോഡുകാർ ഇപ്പോഴും അനുഭവിച്ചു തീർന്നിട്ടില്ല. ബ്രഹ്മപുരത്തെ വിഷപ്പുകയ്ക്കൊപ്പം ദുരിതങ്ങൾ കൂടി കെട്ടടങ്ങുമെന്ന് ആരും വിശ്വസിക്കുന്നുമില്ല.

ബ്രഹ്മപുരത്ത് മുൻകരുതലുകളും മേൽനോട്ടവും വേണ്ടവിധം ഉണ്ടായിരുന്നില്ലെന്നാണ് റിപ്പോർട്ടുകൾ. മാലിന്യശേഖരത്തിന്റെ അളവ് പരിധിക്കപ്പുറം വർദ്ധിക്കാത്തവിധം സംസ്ക്കരിച്ചു തീർക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണമായിരുന്നു. തീപിടിച്ചാൽ അതു പടരാതിരിക്കാൻ വിടവുകൾ ഏർപ്പെടുത്തിയോ fire walls നിർമ്മിച്ചോ മുൻകരുതലുകൾ സ്വീകരിക്കണമായിരുന്നു. മാലിന്യശേഖരത്തിൽ നിന്ന് ഒഴുകിയിരുന്ന മലിനജലത്തെ സംഭരിച്ച് സംസ്ക്കരിക്കാൻ സംവിധാനങ്ങളുണ്ടായിരുന്നോ എന്നറിയില്ല.

മാലിന്യക്കൂമ്പാരത്തിന് തീപിടിച്ചുപോയാലുണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി വകുപ്പിലെ ഉദ്യോഗസ്ഥർ ജാഗ്രത പാലിച്ചിരുന്നതായും അറിവില്ല. ഇവരിൽ P.S.C. യിലൂടെ നേർവഴിയിലൂടെ ജോലി നേടിയവർ ആരെങ്കിലുമുണ്ടോയെന്നും അറിയില്ല.

നമ്മുടെ സർക്കാർ സംവിധാനങ്ങളുടെ പോരായ്മകളിലേക്കാണ് ഇത്തരം സംഭവങ്ങൾ വിരൽചൂണ്ടുന്നതെങ്കിലും ബന്ധപ്പെട്ടവർക്ക് അനങ്ങാപ്പാറ നയമാണെപ്പോഴും. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ മാത്രം കുറച്ചു ഒച്ചപ്പാടുകളുണ്ടാക്കി രംഗം കൊഴുപ്പിച്ച് ജനങ്ങളെ വിഡ്ഢികളാക്കി തടികേടാകാതെ സൂക്ഷിക്കുകയാണ് പതിവ്.

രൂക്ഷമായ വരൾച്ചയും വൻപ്രളയക്കെടുതികളും കണ്ടു വരുന്നവരാണ് നാം. മലയോരങ്ങളിൽ സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളം നമ്മുടെ കൺമുന്നിലൂടെയാണ് വൻനാശനഷ്ടങ്ങൾ സൃഷ്ടിച്ചുകൊണ്ട് കടലിലേക്കൊഴുകി പാഴാകുന്നത്. കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കും പ്രയോജനകരമാകേണ്ട അമൂല്യമായ പ്രകൃതിവിഭവം. ഇത് വരൾച്ചക്കാലത്ത് ജലക്ഷാമ സാദ്ധ്യതയുള്ള പ്രദേശങ്ങളിലേക്ക് കനാലുകൾ നിർമ്മിച്ചും aqua duct കൾ സ്ഥാപിച്ചും വഴിതിരിച്ചുവിട്ട് പ്രയോജനപ്പെടുത്താവുന്നതേയുള്ളു. നാം അവസരത്തിനൊത്ത് ഉയരുന്നില്ലായെന്നതാണ് സത്യം. തക്കം കിട്ടിയാൽ മഴയെക്കുറിച്ച് പഠിക്കാൻ

സർക്കാർ ചെലവിൽ മഴയില്ലാത്ത നാടായ സൗദി അറേബ്യയിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചുകൂടെന്നില്ല. മഴമാറി വരൾച്ചയാകുമ്പോൾ മഴക്കെടുതിയെകുറിച്ച് പഠിക്കാനും പ്രളയകാലത്ത് വരൾച്ചാ ദുരിതങ്ങളെക്കുറിച്ച് വിലയിരുത്താനും ഉദ്യോഗസ്ഥർ തയ്യാറായിക്കൂടെന്നുമില്ല. അത്രമാത്രം ശുഷ്കാന്തിയും കാര്യക്ഷമതയുമാണ് സർക്കാർ കാര്യങ്ങൾക്ക്!!!

റോഡപകടങ്ങൾ ഒഴിവാക്കാൻ വൻതുകകൾ മുടക്കി വലിയ വാർത്താപ്രാധാന്യത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തനക്ഷമമാണോയെന്ന കാര്യം സംശയമാണ്. അമിതവേഗതക്കാരെയും അപകടകരമായ രീതിയിൽ മറ്റുളളവർക്ക് ഭീഷണി ഉയർത്തി വാഹനമോടിക്കുന്നവരെയും പിടികൂടുന്നത് അപൂർവ്വമാണ്; താൽപര്യങ്ങൾക്ക് മുൻതൂക്കം ഹെൽമറ്റില്ലാത്ത ഇരുചക്രവാഹന യാത്രക്കാരെ പിടികൂടുന്നതിനും. റോഡുകളുടെ അപകടകരമായ ദുഃസ്ഥിതി ആർക്കും വിഷയമേയല്ല.

സാധാരണക്കാരന്റെ നികുതിപ്പണം കൊണ്ട് യന്ത്രോപകരണങ്ങളും സാധനസാമഗ്രികളും വാങ്ങിക്കൂട്ടി പ്രയോജനപ്പെടുത്താതെ തുരുമ്പെടുത്ത് നശിക്കുന്ന സംഭവങ്ങൾ കുറച്ചൊന്നുമല്ല. ആശുപത്രികൾക്ക് വേണ്ട ജീവൻരക്ഷാ ഉപകരണങ്ങൾ വരെ ഇതിൽപ്പെടും.

വലിയ ആഘോഷത്തോടെ കൊട്ടും കുരവയുമായി സ്ഥാപിച്ച ഒട്ടേറെ തറക്കല്ലുകളും ശിലാഫലകങ്ങളും അവയുടെ സ്ഥാനം പോലും തിരിച്ചറിയാനാകാതെ കാടുമൂടി അജ്ഞാതവാസത്തിലാണ്. പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടേണ്ടതിനായി നിർമ്മിച്ച സർക്കാർ കെട്ടിടങ്ങൾ ഉദ്ഘാടന മഹാമഹത്തിനുശേഷം ഉപയോഗിക്കപ്പെടാതെ, അലംഭാവം കാരണം, കാടുകയറി ഇഴജന്തുക്കളുടെയും തെരുവുനായ്ക്കളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളങ്ങളായി പലയിടത്തും നിലകൊള്ളുന്നു.

ആവശ്യത്തിന് ചികിത്സകരും ഔഷധങ്ങളും കിടക്കകളും ജീവനക്കാരുമില്ലാതെയാണ് ഒട്ടുമിക്ക സർക്കാർ ആശുപത്രികളും പ്രവർത്തിച്ചുവരുന്നത്. അദ്ധ്യാപകരും ജീവനക്കാരും ഫർണിച്ചറുമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളും ധാരാളമായുണ്ട്.

വൈദ്യുതിലാഭപ്പെടുത്താനെന്ന പേരിൽ തെരുവുവിളക്കുകൾ LED ലെറ്റുകളിലേക്ക് പരിണമിച്ചപ്പോൾ പലഗ്രാമപ്രദേശങ്ങളും ഇരുട്ടു വിപ്ലവത്തിലേക്കാണ് പ്രവേശിച്ചത്. കരാറുകാരുടെ പണിക്കാർ പരുക്കൻരീതിയിൽ LED വിളക്കുകളെ കൈകാര്യം ചെയ്ത് കേടാക്കിയാണ് പലയിടത്തും സ്ഥാപിക്കുന്നത്. റിപ്പയർ ചെയ്തു പുനസ്ഥാപിക്കാവുന്നവയെപ്പോലും വളരെ അശ്രദ്ധമായി കൈകാര്യം ചെയ്ത് കേടുവരുത്തി ഉപയോഗയോഗ്യമല്ലാതാക്കുകയാണ് പതിവ്. മേൽനോട്ടത്തിന് ആരെയും നിയോഗിക്കാറില്ലാത്തതിന്റെ ദോഷഫലം. !!!

ആംബുലൻസ് ഉൾപ്പെടെ ഒട്ടേറെ സർക്കാർ വാഹനങ്ങൾ, KSRTC ബസ്സുകൾ തുടങ്ങിയവ അധികൃതരുടെ അനാസ്ഥയെന്ന ഒറ്റക്കാരണത്താൽ ആർക്കും പ്രയോജനപ്പെടാതെ കട്ടപ്പുറത്താണ്. കേസ്സുകളിൽപ്പെട്ട് പിടിച്ചെടുക്കപ്പെട്ട ഒട്ടനവധി വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽക്കിടന്ന് നശിക്കുന്നു.

ജാഗ്രതക്കുറവിന്റെയും കരുതലില്ലായ്മയുടെയും അനാസ്ഥയുടെയും അച്ചടക്കരാഹിത്യത്തിന്റെയും ഇച്ഛാശക്തിയില്ലായ്മയുടെയും

# BUTTERFLY EFFECT

*Er Thomas Kolanjikombil*
Maramon.

'Butterfly effect' is a theory according to which, a very small difference in the initial state of a physical system can bring, a vastly different outcome to the state of the same later. Merriam Webster define butterfly effect as property of chaotic systems, by which a tiny change in initial conditions can lead to large scale and unpredictable variation in the future state of the system.

It is interesting to know how this hypothesis originated. Although the concept of butterfly effect has long been debated, but identification of its distinct effect is credited to Edward Lorenz, an MIT meteorologist and mathematician who successfully combined his knowledge in both these fields to study chaos theory in weather forecasting. During his experiments in 1960's to find a computer model for weather predication, he entered certain numbers into a computer programme simulating weather patterns. Later he repeated the same simulation, but this time he accidentally entered one variable as 0.506 instead of 0.506127. To his surprise he noticed that the resultant simulation is entirely different from the first simulation. A tiny difference of 0.000127 has caused phenomenal change in the weather prediction. He deduced that weather prediction depends on a 'dime'. A miniscule change in the starting point of his computer weather models can result anything from sunny skies to

---

പൊതുപ്പണം പാഴാക്കുന്നതിന്റെയും എത്രയോ ഉദാഹരണങ്ങൾ ഇതുപോലെ ചൂണ്ടിക്കാട്ടാനാകും.

ഒട്ടും ആവശ്യമേയില്ലാത്ത മേലെത്തട്ടിലെ ഓഫീസുകളിൽ രാജകീയ ആഡംബരങ്ങളും ദുർവ്യയവും നടമാടുമ്പോൾ ഏറ്റവും അത്യാവശ്യമായ താഴെത്തട്ടിലുള്ള ഓഫീസുകളിൽ പ്രാരബ്ധങ്ങളും പരിമിതികളും നിസ്സഹായതകളുമാണ് നിലനിൽക്കുന്നത്. അധികാര വികേന്ദ്രീകരണമെന്ന ആശയം പരാജയപ്പെട്ടതാണോ, അതിനെ പരാജയപ്പെടുത്തിയതാണോയെന്നറിയില്ല; തൊഴിലിനോടുകൂറില്ലാത്ത യുക്തിസഹമായി പ്രവർത്തിക്കാനറിയാത്തവൻ ആനുകൂല്യങ്ങൾ പറ്റുന്ന മന്ദബുദ്ധികളായ കുറെ ഉദ്യോഗസ്ഥരും ആവശ്യമില്ലാത്ത തസ്തികകളും അനാവശ്യകാര്യാലയങ്ങളും നമ്മുടെ നികുതിപ്പണം കാർന്നുതിന്ന് പുരോഗതിയെ തുരങ്കം വയ്ക്കുന്നു.

അതിവിദഗ്ദ്ധമായ തിരുത്തലിലൂടെ, ശുദ്ധീകരണത്തിലൂടെ, ആസൂത്രണ വൈഭവത്തിലൂടെ പണം പാഴാക്കൽ ഒഴിവാക്കി അധിക നികുതി ഭാരം ആരിലും അടിച്ചേൽപ്പിക്കാത്ത ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്ത് ജനജീവിതം സുഖപ്രദമാക്കാവുന്നതേയുള്ളു.

violent storms. Because it is nearly impossible to know the precise starting conditions, the weather prediction models go wrong, he concluded. To make the concept understandable to non meteorologists Lorenz began to use 'butterfly' analogy for causing typhoons. An imperceptible change like, variations in atmospheric pressure due to the flapping of the wings of a butterfly, in the initial stages, can have massive implications in complex systems. It is like we can't predict weather in Newyork because we can't account for the butterflies in Beijing. The concept is imagined as - flapping of butterfly wings causing typhoons - ofcourse typhoons are not initiated by butterflies.

'Butterfly effect', as a phrase, started using in1980's. Butterfly effect is an idea that small things at the beginning of a project can have non linear impact on the project in future. Remember, Benjamin Franklin's poem we studied in schools, "For want of a nail .......... the kingdom was lost", a good illustration of butterfly effect.

Even though butterfly effect is evolved as an appendage to chaotic systems, the idea is valid in our day to day life. It can work both ways, negatively and positively. Butterfly effect is widely studied in business, particularly in the marketing part, because it suggests that small initial actions can lead to much larger yield and greater rewards in future. Business is all about people and success is reliant on strong relationships between employees, customers and other stakeholders. Incorporating positive change in the relationships can have significant consequences.

Butterfly effect teaches us that small things matters. We human are also part of larger system in the universe. So what ever we do, no matter small or big, can have deep impact on ourselves and on others lives. A small gesture of kindness, a smiling face, a helping hand, all make difference in somebody's life or our lives for that matter.


'Dripping water hollows out stones, not through force but through persistence'. Small things matters, so be persistent and consistent.

**[P.S. In the editorial, February issue of Hydel Bulletin, the phrase 'butterfly effect' is effectively used to bring out, how indecision of top management of KSEBL in the initial stages of a project can affect the whole project itself. Since the phrase is new to me, I drift into its cross section.]**

# ഒരിക്കലും മായാത്ത സിനിമ ശില്പം
# *TITANIC*



*Er പ്രസീദ് കൃഷ്ണൻ എം.*
*അസിസ്റ്റന്റ് എഞ്ചിനീയർ*




**ദൈ**വത്തിനു പോലും മുക്കാൻ സാധിക്കില്ല എന്ന് പറഞ്ഞ ആഡംബര കപ്പൽ അതിന്റെ ആദ്യ യാത്രയിൽ തന്നെ ആഴങ്ങളിലേക്ക് മുങ്ങി പോകുന്നു. 1500 ഓളം ആളുകൾ മരണ പെട്ടിട്ടും ആരും മരണപ്പെട്ടില്ല എന്നായിരുന്നു ആദ്യം വന്ന പത്ര വാർത്ത. ഇവിടെ പരാമർ ശിക്കുന്നത് ആഡംബരങ്ങളുടെ രാജ്ഞി എന്നറിയപ്പെട്ടിരുന്ന ടൈറ്റാനിക് എന്ന കപ്പലിനെ കുറിച്ചാണെന്നു എല്ലാവർക്കും മനസ്സിലായിക്കാണും. രണ്ടു വർഷംകൊണ്ട് മൂവ്വായിരത്തോളം ആളുകളെ ഉൾപ്പെടുത്തി നിർമ്മിച്ചതാണ് ഈ ആഡംബര നൗക. 882 അടിയായിരുന്നു നീളം. ആ കാലയളവിൽ ഉണ്ടാക്കിയിരുന്ന ഏറ്റവും നീളം കൂടിയത്. ഇന്നത്തെ വിലയിൽ നോക്കിയാൽ 170Million US ഡോളർ വിലയിൽ ആണ് ഈ കപ്പൽ പണിതിരിക്കുന്നത്. അതായത് യഥാർത്ഥ കപ്പൽ നിർമ്മിക്കാൻ എടുത്ത വിലയുടെ ഇരട്ടിയോളം വേണ്ടിവന്നിരുന്നു ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴിൽ ജെയിംസ് കാമെറോൺ എന്ന അതുല്യ സംവിധായകന്റെ സൃഷ്ടിയിൽ ഇറങ്ങിയ TITANIC എന്ന സിനിമ നിർമ്മിക്കാൻ. ആഡംബരത്തിന്റെ അവസാന വാക്കായ ഈ കപ്പലിൽ ടിക്കറ്റെടുക്കാൻ ഇംഗ്ലണ്ടിലെ പണക്കാരായ ആളുകൾ മുഴുവൻ മത്സരിച്ചു. വലിയ വില കൊടുത്തു ടിക്കറ്റ് വാങ്ങിയ പലർക്കും അറിയില്ലായിരുന്നു അത് അവരുടെ അവസാന ദിനങ്ങൾ ആണെന്ന്. 1912 ഏപ്രിൽ 10 നു മണിക്കൂറിൽ 40 km വേഗതയിൽ സതാംപ്റ്റോൺ തുറമുഖത്തു നിന്ന് കുതിച്ചു പാഞ്ഞ കപ്പലിലെ യാത്രക്കാർ എല്ലാവരും ആഡംബരത്തിന്റെ രാജ്ഞിയുടെ താളത്തിൽ ഉള്ള ഒഴുക്കിൽ മതിമറന്നു യാത്ര തുടങ്ങി. അങ്ങനെ ഏപ്രിൽ 14 ന് രാത്രി 11.40 ആയപ്പോൾ ആ വലിയ കപ്പൽ മഞ്ഞു മലയിൽ ഇടിച്ചു; കപ്പലിന്റെ അടി ഭാഗം മുഴുവൻ തകർന്നു. പിന്നീട് നടന്ന കാര്യങ്ങൾ അതിന്റെ ഭീകരതഉട്ടും ചോരാതെ ജെയിംസ് കാമെറോൺ TITANIC എന്ന സിനിമയിലൂടെ നമ്മൾ എല്ലാവരും കണ്ടതാണല്ലോ.

കവിത

# പാളം



**Er കെ.എൻ. രാമദാസ്**
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**റെ**യിൽ പോലെ പായുന്ന ജീവിതം !
റെയിൽ പോലാണ് ജീവിതം
ഇടയ്ക്കിടെ പാളം തെറ്റുന്നു
വീണ്ടും പാളത്തിലാകുന്നു,
ചിലയിടങ്ങളിൽ ഇടിച്ചു നില്ക്കുന്നു.

അടയാളങ്ങൾ കാണാതാകുന്നു,
ആരോ ബോൾട്ടിളക്കുന്നു,
പാര വയ്ക്കുന്നു.

ഓടിയും കിതച്ചും
ഒരറ്റമെത്തുമ്പോൾ
ഇനിയുമുണ്ടത്രേ യാത്ര !

ഒരിറ്റു വിശ്രമം
ഉറങ്ങട്ടെ ഞാനൊന്ന്
അല്ല മയങ്ങട്ടെ
ട്രെയിനിന്റെ ദുരിതജീവിതം
ട്രെയിനിങ്ങില്ലാഞ്ഞ്
ഇതെന്റെ ജീവിതം
പരിചയമില്ല!
എവിടെയെത്തുമോ?

✵

---

2 മണിക്കൂർ 40 മിനിട്ട് കൊണ്ട് ആ ആഡംബര കപ്പൽ ആഴങ്ങ ളിലേക്ക് മറഞ്ഞു നീങ്ങി.

ഒരിക്കലും കരുതിയിരുന്നില്ല ടൈറ്റാനിക് എന്ന സിനിമ അതിന്റെ 25 -ാം വാർഷിക ആഘോഷ ദിനങ്ങളിൽ വീണ്ടും 4K ഡിജിറ്റൽ ക്വാളിറ്റിയിൽ 7.1 dolby atmos ശബ്ദ സംവിധാനത്തിൽ 3 D വിസ്മയത്തിൽ വീണ്ടും വെള്ളിത്തിരയിൽ കാണാൻ സാധിക്കും എന്ന്. 90 ന്റെ അവസാന കാലത്തു ജനിച്ചവർക്ക് ഈ സിനിമ വെള്ളിത്തിരയിൽ ആസ്വദിക്കാൻ സാധിച്ചിരിക്കില്ല എന്നറിയാം. പലരും ലാപ് ടോപ്പ്, ടിവി പോലുള്ളവയിൽ കാണേണ്ടി വന്ന ഈ സിനിമ വെള്ളിത്തിരയിൽ വീണ്ടും കാണിക്കാൻ അവസരം ഒരുക്കിയതിൽ വലിയ സന്തോഷം നൽകുന്നു. കഥയിലും സിനിമ നൽകുന്ന ഇമോഷണൽ trauma യും ഒരു അംശംപോലും ചോർന്നു പോകാതെ കൂടുതൽ രസകരമായ അനുഭവം തന്നെയാണ് ഈ സിനിമ പുതിയ സാങ്കേതിക മികവിൽ തീയേറ്ററിൽ കാണാൻ സാധിച്ചത്.ഇനിയും ഒരു 50 വർഷം കഴിഞ്ഞാലും ഈ സിനിമ നൽകുന്ന സുഖത്തിന് അല്പംപോലും മാറ്റം വരില്ല . പലരും വേണ്ടരീതിയിൽ ഈ പുതിയ റിലീസ് ശ്രദ്ധിച്ചുകാണില്ല എന്നറിയാം. കാണാതെ പോയവർക്ക് അതൊരു വലിയ നഷ്ടം തന്നെയെന്ന് ഞാൻ പറയുന്നു. 3 D വിഷ്വൽ ആയതു കൊണ്ട് കപ്പലിന്റെ ഭാഗങ്ങൾ കാണിക്കുന്നത് പലതും വളരെ നല്ല രീതിയിൽ റിയലിസ്റ്റിക് അനുഭവം തന്നെ നൽകി. ഇനിയും ഇതുപോലുള്ള സാങ്കേതിക മികവിൽ അനശ്വരമായ പല സിനിമകളും ആസ്വദിക്കാൻ അവസരം ലഭിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

✵

# ഒരു അന്ത്യ കൂദാശയും, ഒരു ഉയിർത്തെഴുന്നേൽപ്പും



*Er കെ.പി.ഗോപാലകൃഷ്ണൻ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**1970** മുതൽ അനവധിപ്രാവശ്യം എല്ലാ സാങ്കേതിക പരിസ്ഥിതി പഠനങ്ങൾക്കു ശേഷം കേന്ദ്രാനുമതി ലഭിച്ച അതിരപ്പള്ളി ജല വൈദ്യുതി പദ്ധതിക്ക് 'അന്ത്യ കൂദാശ'. 18-7-2017 ൽ എല്ലാ അനുമതികളുടെയും കാലാവധി അവസാനിച്ചു.

കഴിഞ്ഞ പിണറായി മന്ത്രിസഭ അധികാരം ഏറ്റയുടൻ തന്നെ അതിരപ്പള്ളി ജലവൈദ്യുതി പദ്ധതിക്ക് ഏറ്റവും മുൻഗണന നൽകി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ, 'ഈ പദ്ധതി ഒരുകാരണവശാലും സമ്മതിക്കുകയില്ല' എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞത് ഭരണകക്ഷിയിലെ ഒരു മുഖ്യകക്ഷി തന്നെ. പിന്നെ പ്രകൃതി സംരക്ഷണത്തിന്റെ കുത്തകാവകാശം ഏറ്റെടുത്ത, ഇടതു പക്ഷ സഹയാത്രികരായ "ശാസ്ത്ര സാഹിത്യ പരിഷത്തും". എങ്കിലും ഒരു സമവായത്തിലൂടെ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ.എം.എം. മണി ശുഭാപ്തി വിശ്വാസംപ്രകടിപ്പിക്കുകയുണ്ടായി പക്ഷെ അതിൽപിന്നെ ഇന്നോളം ചാലക്കുടി പുഴയിൽകൂടി ധാരാളം ജലം ഒഴുകിപ്പോയി., തീരവാസികൾക്ക് തീരാദുഃഖം നൽകിക്കൊണ്ട് അന്ത്യകൂദാശയും സ്വീകരിച്ചുകൊണ്ട്, ഒരു ഉയിർത്തെഴുന്നേൽപ്പിനും സാദ്ധ്യതയില്ലാതെ.

1964 ൽ ഈ ലേഖകൻ പൊരിങ്ങൽകുത്ത് ജനറേഷൻ ഡിവിഷനിൽ ജോലിക്കു ചേരാൻ പോയതോർക്കുന്നു, വെറ്റിലപ്പാറ മുതൽ കൊടുംവനത്തിൽക്കൂടിയുള്ള യാത്ര, കണ്ണങ്കുഴി പാലം മുതൽ മലക്കപ്പാറക്കുള്ള ബസ് ഹെഡ്‌ലൈറ്റ് തെളിച്ചുകൊണ്ടാണ് യാത്ര, പകൽ പന്ത്രണ്ടു മണിക്ക്. റോഡിന്റെ ഇരുവശങ്ങളിലുമുള്ള വൻ മരങ്ങളെ ബന്ധിച്ചുകൊണ്ടു വൻ വള്ളിക്കൂട്ടങ്ങൾ, പാലം കഴിഞ്ഞു ചെന്നാൽ മരങ്ങളും വള്ളിക്കുടിലുകളും വെട്ടിമാറ്റി ഒരു വ്യൂപോയിന്റ് അവിടെ നിന്നാൽ മാത്രം കാണാവുന്ന അതിരപ്പള്ളി വെള്ളച്ചാട്ടം, എത്ര നയനാനന്ദകരമായ കാഴ്ച;

വർഷങ്ങൾക്കുശേഷം ഇതേ വഴിയിൽ കൂടി ഒരുയാത്ര; ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകളെ അയവിറക്കിക്കൊണ്ട്. പക്ഷെ, വെറ്റിലപ്പാറമുതൽ കണ്ണങ്കുഴി വരെ , ആകാശം മുട്ടെ വളർന്നു നിന്നിരുന്ന വൻ മരങ്ങളുടെ സ്ഥാനത്തു ഏതാനും മീറ്ററുകൾ മാത്രം പൊക്കമുള്ള എണ്ണപ്പനകൾ.

ശ്രീ. എം.എൻ. ഗോവിന്ദൻ നായർ മന്ത്രി ആയിരുന്ന കാലത്തു കണ്ണങ്കുഴി പാലത്തിനു സമീപം കാടുകൾ വെട്ടിത്തെളിച്ചു ആദിവാസികൾക്കായി കുറെ കുടിലുകൾ നിർമിച്ചു നൽകിയിരുന്നു. ഇന്ന് ഒരു കുടിൽപോലും അവിടെയില്ല, എല്ലാം റിസോർട്ട് മാഫിയകൾ ചുളു വിലക്ക് കയ്യടക്കി കളഞ്ഞു. ഈ ആദിവാസികളുടെ പിന്മുറക്കാരാണ് ഇപ്പോൾ പദ്ധതി പ്രദേശത്തു കുടിയേറിയിരിക്കുന്നത്.

പദ്ധതിക്ക് ആവശ്യമുള്ള 125 ഹെക്ടറിൽ ഭൂരിഭാഗവും പുല്ലുകൾപോലും മുളയ്ക്കാത്ത പാറക്കെട്ടുകൾ. ശബരിഗിരിയിൽ കൊച്ചുപമ്പ മുതൽ വള്ളക്കടവുവരെ മുപ്പതു കിലോമീറ്റർ റോഡിന്റെ ഇരുവശങ്ങളിലും ആകാശംമുട്ടെ വളർന്നു നിന്നിരുന്ന വൻ മരങ്ങൾ വെട്ടിമാറ്റിയിട്ടു ഏതാനും മീറ്റർ മാത്രം പൊക്കം വയ്ക്കുന്ന, മുപ്പതുവർഷം വളർന്നാൽ വെട്ടിമാറ്റുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ . മൂന്നാറിൽ പതിനായിരക്കണക്കിന് കൊടുംവനം വെട്ടി നശിപ്പിച്ചിട്ടു അംബര ചുംബികളായ ടൂറിസ്റ്റു റിസോർട്ടുകൾ. മൂന്നാറിലും, ഇടുക്കിയിലും, വയനാട്ടിലും ഒക്കെ വ്യാപകമായ വനം കയ്യേറ്റം ഉണ്ടായിട്ടും അതിനെതിരെ ശബ്ദമുയർത്താൻ ഒരു രാഷ്ട്രീയ നേതാവും മുന്നോട്ടുവന്നില്ല, വി.എസ്. അച്യുതാനന്ദൻ ഒഴികെ. ഒരു ഒറ്റയാൾ പോരാട്ടം; ധാർമ്മിക പിന്തുണയുമായി രണ്ടേ രണ്ടു വനിതാ സാഹിത്യകാരികളും, പി.വത്സലയും, സാറാ ജോസഫും. നൂറുകണക്കിന് സാഹിത്യ പ്രതിഭകളുള്ള ശാസ്ത്ര സാഹിത്യ പരീക്ഷത്തിലെ ഒരാളും ഉണ്ടായില്ല; ഘോര ഘോരം പരിസ്ഥിതി പ്രേമം മുഴക്കുന്നവർ. അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ മുന്നിട്ടിറങ്ങിയ യുവ ഐഎഎസ് സബ്കളക്ടർക്കു സ്ഥലം മാറ്റം. പകരം വന്ന ഊർജ്ജസ്വലയായ വനിതാ ഐ.എ.എസ്. സബ് കളക്ടർക്കും ഇതേ അനുഭവം. പിന്നെവന്ന ആരും ഇതു നേരെയാക്കാൻ ശ്രമിച്ചില്ല. ജലവൈദ്യുതി പദ്ധതികൾക്ക് അന്ത്യകൂദാശ ഒരുക്കിയവർ തന്നെ അന്ത്യകൂദാശയും കഴിഞ്ഞു ശവക്കല്ലറയിൽ അടക്കിക്കഴിഞ്ഞ ആറന്മുള വിമാനത്താവള പദ്ധതി, ചെറുവള്ളിയിൽ ഉയിർത്തെഴുന്നേൽപ്പിക്കുവാൻ വെമ്പൽ കൊള്ളുന്നു. വെറും 125 ഹെക്ടർ സ്ഥലത്തു മാത്രം അങ്ങിങ്ങായി നിൽക്കുന്ന കുറെ മരങ്ങൾ വെട്ടിമാറ്റാൻ എതിർപ്പ് നിൽക്കുന്നവർ 2500 ഹെക്ടർ കൊടുംവനംമുച്ചൂടും വെട്ടി മാറ്റാൻ തയ്യാറെടുക്കുന്നു, കോടീശ്വരന്മാരായ ഭക്തന്മാർ കല്ലും മുള്ളും കാലുക്കു മെത്തയാക്കി മലചവുട്ടി അയ്യപ്പനെ ദർശിക്കാൻ എത്തുമ്പോൾ . അതിനൊന്നും സമയമില്ലാത്ത, ത്യാഗം സഹിക്കാൻ വയ്യാത്ത ധനവാന്മാരായ ഭക്തർക്ക് സ്വാമിയെ ദർശനം ചെയ്തിട്ടു വേഗം മടങ്ങിയെത്തി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുണ്ടെന്നോ ? അവർക്കൊക്കെ ഇത് ഒരു വിനോദയാത്ര മാത്രം. അങ്ങിനെ ശബരിമല ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാം. കേരളത്തിന്റെ വരുമാനം എത്രയോ ഇരട്ടിയാകും. വിമാനത്താവളം വരുമ്പോൾ സ്റ്റാർ ഹോട്ടലുകളും പിറകെ വന്നോളും. പിന്നെ സ്റ്റാർഹോട്ടലുകളിലെ മറ്റു സൗകര്യങ്ങളും. കുറെ കഴിയുമ്പോൾ ഈ വിമാനത്താവളം സ്വകാര്യവത്ക്കരിക്കാം.

125 ഹെക്ടർ വനം മാത്രം നഷ്ടപ്പെട്ടു 160 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു ആയിരക്കണക്കു ഏക്കർ സ്ഥലത്തു ജലസേചനം നടത്തി കാർഷിക സമ്പന്നമാക്കാൻ കഴിയുന്ന ഒരു പദ്ധതിക്കെതിരായി അട്ടഹാസം മുഴക്കുന്നവർ എന്തേ ? വാലും ചുരുട്ടി ഏറാൻ മൂളികളായി മൗനം പാലിക്കുന്നു. ശബരിമലയുടെ പവിത്രത നഷ്ടപെട്ടാൽ അവർക്കെന്തു ചേതം.

യേശുക്രിസ്തു പിറന്നതും, മരണശേഷം പിന്നീട് ഉയിർത്തെഴുന്നേറ്റതും, പാവങ്ങൾക്കുവേണ്ടിയാണ്, അദ്ധ്വാനിക്കുന്നവർക്കുവേണ്ടിയാണ്, ഭാരം ചുമക്കുന്നവർക്കു വേണ്ടിയാണ്.

ഇവിടെ പെട്ടിയിൽ അടക്കം ചെയ്ത് അന്ത്യകൂദാശ നല്കിയ 'ആറന്മുള വിമാനത്താവളം ഉയിർത്തെഴുന്നേൽക്കുന്നതു ആർക്കു വേണ്ടി ?

# Conditions Contributing to Happiness and Happiness in Various Stages of Life (Part - 2)



*Er. M. Anil*
Deputy Chief Engineer (Rtd.)

March, 2023; we are celebrating International Happiness Day, 2023. As had been stated in the last issue, happiness come from within. We practise gratitude, mindfulness etc. and live in the present for experiencing happiness. The feel-good chemicals produced in the brain as a result of physical exercises, practising kindness, appreciating some one for the good work done etc. increases our self-esteem and make us happy.

**Conditions Contributing to Happiness**

Three conditions contribute to the happiness of a person well-adjusted with his surroundings/ environment. These factors called **3 As of happiness** are *Achievement, Acceptance,* and *Affection*.

Achievements in life lead to a sense of gratification and pride. If our achievements are recognized by others, the personal pride and satisfaction are further increased. The amount of satisfaction a person derives from his achievement depends upon how closely the achievements match his expectations. If the achievement matches with the expectations, then satisfaction will be more. Greater satisfaction will be derived if the achievement is in the area valued by the person. Achievement relates to reaching a goal one sets for oneself. If the goal is unrealistically high, the individual will be dissatisfied leading to unhappiness.

Acceptance by others is affected by self-acceptance which comes from good personal as well as social adjustment. Happiness is concerned with accepting what one is and what one has; and maintaining a balance between expectations and achievements. Physical attractiveness is one important contributor to acceptance by others.

Affection is a normal accompaniment of acceptance by others. Affection is essential to good personal adjustment. A person who experience lack of love in his childhood days is likely to be unhappy then and develop values that perpetuate unhappiness in his/ her later life.

**Happiness at Different Stages of Life**

Most of the adults remember their stages of puberty and early adolescence as unhappy and they claim that they would not want to return to childhood even if it is possible to backtrack. Even the adult years were found to vary in degree of happiness, with subjects describing the years before middle ages happier than those after middle age. On an analysis, pleasant memories were carried by people in the age group 30-39 years than by any other age group.

Further, happiness and satisfaction at one stage in life does not guarantee the same conditions at other stages of life. The adjustment of people to their new roles and social expectations and the people's ability to adjust to such new roles effortlessly in each life span to satisfy their needs and wants is one of the criteria for happiness.

There exist sex differences in intensity of happiness experienced by individuals. During adolescence and childhood, girls as a group tend to be happier than boys. The most important reason attributable to this is that girls derive happiness from interpersonal relationships whereas boys' satisfaction is derived from achievement. Similarly, during early years of adulthood, women tend to be happier than men as married ladies feel useful as mothers and wives. Young men, on the other hand, are often unable to grab success in their occupations to the level they aspire for. But men in their lives after forty years become happier than women as they feel enjoying their careers more than when they were younger. Women in their late forties suffer from lack of estrogen levels which make them unhappy and tired. After attaining sixty or sixty-five years of age, women feel happier as they feel more useful and contributing to the family by looking after their ailing husband or taking care of their grandchildren.

**Factors Influencing Happiness**

*(a)* *Health*: Good health enables people at all ages to do what they wish to do.

*(b)* *Physical Attractiveness*: contributes to social acceptance and affection; and leads to greater achievement.

*(c)* *Degree of Autonomy*: The greater the autonomy people can achieve, the greater is their chances for happiness.

*(d)* *Interactional Opportunities Outside the Family*: The high social value placed on popularity makes people happier at all ages if they have opportunities for social contacts with outsiders.

*(e)* *Types of Work*: Satisfaction level will be less if work routines are more of routine in nature and if there exist fewer opportunities for autonomy.

*(f)* *Work Status*: Whether in job or in academic institutions, the successful persons in their work take pride in their work status and tend to be more happy.

*(g)* *Living Conditions*: The living patterns enable a person to have interactions either in family or community in which the person lives and it will add value to various satisfaction levels.

*(h)* *Material Possession*: The possession of sophisticated materials influences a person to be happier.

*(i)* *Balance between Expectations and Achievements*: When goals are attained, the person will feel more satisfied and happier.

*(j)* *Emotional Adjustment*: Well-adjusted, happy people express negative emotions such as fear, anger, and jealousy less often and with less intensity- and with more focus, and



# Energy Briefs 2

***Er Subha T.G.***
*Assistant Engineer*

**1. Sterlite Power Commissions 5000-MW Transmission Project in Gujarat, India**

Sterlite Power has commissioned the Lakadia-Vadodara Transmission Project Limited (LVTPL), a green energy corridor project that will provide 5000 MW in renewable energy from Bhuj and Kutch in Gujarat, India, toward the national grid. The project required an investment of $247 million and is a key part of a 30,000 MW Hybrid renewable energy park being built in Kutch.

LVTPL links Vadodara and Lakadia via a 765 kV double-circuit transmission line that spans 335 km running through 812 towers across seven districts in Gujarat. The project will play a role in helping India achieve its vision of relying on 500 GW of renewable energy by 2030.

Sterlite Power was awarded the project in 2019 and initiated work in 2020 during the Covid-19 pandemic. The company utilized novel construction techniques such as well point system, pocket foundation and distinctive tower designs to provide sturdy power infrastructure that can hold out in difficult terrain in the region.

Courtesy: T&D World

---

direction- than do those who are poorly adjusted and unhappy.

(k) *Attitude toward an Age Period*: Childhood experiences influence a person through out in his/ her life stages. Cultural stereotypes are also important.

(l) *Realism of Self-Concepts*: People who believe their abilities to be greater than they actually are, are unhappy when they fail to reach their goals. Their unhappiness is intensified by the feelings of inadequacy/ belief that they are mistreated or misunderstood.

(m) *Realism of Role Concept*: People tend to romanticise a role that they will play at a later age. If the new role does not live up to the expectations, they will be unhappy unless they are willing to accept the realities of the new roles. Children and adolescents have unrealistic role concepts and hence they end up in unhappiness.

(n) *Multiplicity of Desires*: A huge multiple set of desires lead to unhappiness as the extent of satisfaction will be less due to the enormity of desires.

[To be concluded…]



**2. IntelliSmart becomes the first smart meter service provider to receive IND A/Stable rating from India Ratings**

IntelliSmart Infrastructure Private Limited has received 'IND A/Stable' rating from India Ratings & Research for its debt facilities. The rating has been provided for rupee term loan, fund-based and non-fund-based working capital. The rating reflects IntelliSmart's long-term contract with a strong counterparty like Assam Power Distribution Company Limited, minimal payment risk due to a dedicated payment security mechanism with minimum clearing balance of 1.1 times the monthly payment fee, minimal equity infusion risk and moderate debt structure. The rating also draws comfort from the company's strong sponsor-led backing and experienced key management personnel with considerable experience in the smart metering sector.

Courtesy: ISGF

**3. Tata Power to install India's first-of-its-kind underground submersible substation in Mumbai**

Tata Power has announced plans to install an innovative submersible power substation in South Mumbai, to augment the power infrastructure in its operational area. This underground substation, occupying virtually zero space, will be the first such submersible substation installed by any power distribution utility in the country. The substation will be installed in the parking area of the parcel receiving Station. Tata Power plans to install 10 such submersible substations by 2025 in its Mumbai license area.

Courtesy: ISGF

**4. CERC floats draft norms to speed up transmission projects**

The aim is to address delay in commissioning of projects that have achieved commercial operation date. The Central Electricity Regulatory Commission (CERC) has floated draft norms for sharing of Inter-State Transmission charges and losses to bridge the gaps in commissioning of transmission projects. The regulator has sought comments and suggestions from the stakeholders and interested persons by April 17 for the draft Central Electricity Regulatory Commission.

Courtesy: Business Line from The Hindu


**REC arm hands over 6 SPVs to Power Grid Corporation for transmission projects**

RECPDCL has handed over 6 projects' specific SPVs mostly formed for the construction of transmission projects in Khavda region through tariff-based-competitive bidding process on March 21, 2023. Power Grid Corporation of India Limited (PGCIL) was the successful bidder for all of the 6 projects of the Ministry of Power.

RECPDCL has handed over 6 projects' specific SPVs mostly formed for the construction of transmission projects in Khavda region through tariff-based-competitive bidding process on March 21, 2023. Power Grid Corporation of India Limited (PGCIL) was the successful bidder for all of the 6 projects of the Ministry of Power.

Courtesy: The Economic Times

*Condolences & prayers for the departed soul."*



**Er P.K. Muhammed**
Chief Engineer (Rtd.)

## Letter by Association


# KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

*President*
**Er. Sunil K.**

*General Secretary*
**Er. Geetha V.S.**

*Treasurer*
**Er. Anoop Vijayan**

*Vice- Presidents*
**Er. G. Shaj Kumar (S)**
**Er. Sabu T. Joseph (N)**

*Organising Secretaries*
**Er. Kunjunni P.S. (S)**
**Er. Shine Sebastian (N)**

*Secretaries*
**Er. M. Muhammed Rafi (HQ)**
**Er. B. Nishanth (S)**
**Er. Pramod Kumar M. (N)**


KSEBEA/Letters/2022-23/5 23-02-2023

**To**

**Chief Engineer (IT, CR & CAPS)**
**KSEB Ltd.**
**8th Floor,Vydyuthi Bhavanam,**
**Pattom,**
**Thiruvananthapuram.**

Sir,

Sub : Opportunity to present our views before the Expert Committee of "Smart Metering"-request-reg.

Ref : GO No.30/2023/POWER dated 07.02.23

KSEB Engineers' Association has our own views regarding the implementation of "Smart Metering" in KSEBL which is far different from other Trade Unions and Officers Associations. Hence, we would like to have a meeting with the " Expert Committee" to present our views regarding the same.

Being the convenor of the committee, we request you to allow us to have a meeting with the Expert Committee as early as possible. We are ready at any convenient time suggested by the committee.

Regards,
Sd/-
**Sunil K.**
President-KSEBEA

# KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

| President | General Secretary | Treasurer |
|---|---|---|
| **Er. Sunil K.** | **Er. Geetha V.S.** | **Er. Anoop Vijayan** |
| Vice- Presidents | Organising Secretaries | Secretaries |
| **Er. G. Shaj Kumar (S)** | **Er. Kunjunni P.S. (S)** | **Er. M. Muhammed Rafi (HQ)** |
| **Er. Sabu T. Joseph (N)** | **Er. Shine Sebastian (N)** | **Er. B. Nishanth (S)** |
| | | **Er. Pramod Kumar M. (N)** |


KSEBEA/Letters/2022-23/9 03-03-2023

To,

The Chief Personnel Officer
KSEB Limited

Sir,

Sub : Meeting convened by the CMD – Guidelines – Higher level officers off & above the rank of Executive Engineers in KSEBL – suggested modifications-submitting -reg.

Ref : Meeting of the CMD held on 01-03-2023 in connection with Draft Guidelines of Higher –Level officers in KSEBL.

Based on the discussion we had in the referred meeting ,herewith submitting the following suggestions to be incorporated in the draft guidelines of Higher-Level officers.

**General**

1. The guidelines may be limited to higher level officers up to & including the rank of Deputy Chief Engineer or equivalent and the cadre of Chief Engineer may be excluded.
2. The higher level officers shall be given an opportunity to opt his/her place of choice, , at the time of promotion/Transfers, through on line mode, based on index and the provision may be included in the guidelines.

**Pointwise comments**

3. **In sub clause -2 under clause -II Transfer Norms** "*The system generated print outs of transfer application along with attested copies of supporting documents shall be forwarded to the ARU" may be avoided since the entire process is supposed to be carried out through ONLINE mode.*

4. **In sub clause -3 ,** *the gender discrimination may be avoided in the case of number of permitted domicile changes, limited to two in their entire service for both male/ female officers.*
5. **The Office preference multiplier (k)In sub clause 5(iii) of clause –II,** *should be prepared exclusively for this purpose and published or avoid altogether.*
6. **In sub clause 6 ,** *the wording "**Administrative protection**" may be changed as **"Essential officers to be retained** ".It has to be given based on the experience , skill and exigency of the incumbent in a place and the reasons to be stated .Also the bare minimum shall be specified. We suggest 25% for Deputy Chief Engineers and 15% for Executive Engineers. At any cost protection to a specific incumbent shall not exceed 3 years.*
7. **In sub clause 6 (b to f),** supporting documents shall be verified through a medical committee, preferably with an authorized medical practitioner in the committee.
8. The protection clause for the Central office bearers of Associations in KSEBL is not seen included. We are of the opinion that it is not necessary in the higher level officers guidelines ,as they are supposed to be unbiased. If it is given, the total protection given to that Association (all officer categories) shall be limited to three.
9. Clause -6(g) last para: "*Under any circumstances, the number of officers to be protected ,as per clause-II(6) of the total strength of that station*". The places are in different wings and how and who assures this merit . There may be a mechanism to finalise the protected persons as they belong to different wing and offices.
10. **As there is a mechanism to give Retirement weightage (W1) in clause 5(i), through indexing ,** clause II-7(d) may be dropped. There is no need of priority or other protections related to retirement.
11. The repeated wordings ***"The posting committee will have a decisive role to transfer a higher level officer ,in exigency of service and public interest"*** may be avoided in clause-II (7) c & 9, as **clause -15** will serve the purpose .
12. **III(6) shall be modified** as :"Strategic posts may be included as **LD station, PMD under Generation,Relay division, Major generating stations,** . officers in charge of RMU of generating stations & important projects **,TRAC & IT wing** will be filled /retained with suitable higher level officers, by the **Full Time Director Board** .

Yours faithfully,
Sd/-
General Secretary-KSEBEA




Governing Body meeting at Kozhikode

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 28-03-2023










Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only